
ജി.വി.എച്ച്.എസ്.എസ്., ഞെക്കാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025 -2026**



# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

- വിദ്യാലയത്തിലെ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

- വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കും, ദിനാചരണങ്ങൾക്കും പുറമെ കലാ-കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ സ്മാർട്ട് റൂമുകൾ,ലാബുകൾ,ലൈബ്രറി,കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- വിദ്യാലയവിഭവങ്ങൾ,, മൈതാനം, സ്മാർട്ട്ക്ലാസ്സ്മുറികൾ, കളിയുപകരണങ്ങൾ എന്നിവ വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു.

- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു

- പാർശ്വവത്ക്കരിപ്പെട്ടതും ,പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു

- കുട്ടികൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുക

- പഠനയാത്രകൾ കാര്യക്ഷമമാക്കുക

- കുട്ടികളിലെ സമ്പാദ്യശീലം വളർത്തുന്ന പദ്ധതികൾ ഊർജ്ജിതപ്പെടുത്തുക.

- ലഹരി,പ്ലാസ്റ്റിക് മലിനീകരണ മുക്ത വിദ്യാലയം സൃഷ്ടിക്കുക

- ഗണിതം,ശാസ്ത്രവിഷയങ്ങളിൽ സമ്പൂർണ ശേഷി കൈവരിക്കൽ

# യു.പി. വിഭാഗം ക്ലാസ്സ് – 5,6,7

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ ശേഷി നേടാൻ | – ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാകുന്നു. | 2023 ജൂൺ ആദ്യവാരം | 1000 | പി.ടി.എ. എസ്.ആർ.ജി. |
| പിന്നാക്കക്കാർക്ക് എഴുതാനും, വായിക്കാനും (അക്ഷരക്ലാസ്സ്) | – എല്ലാദിവസവും പിന്നോക്കക്കാർക്ക് 3 30 മുതൽ 4 30 വരെ കൈത്താങ്ങ് ക്ലാസ്– പ്രീടെസ്റ്റ് | ജൂൺ മുതൽ മാർച്ച് വരെ | 10000 | പി.ടി.എ. |
| മലയാളമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കാൻ | – സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി ചുമർചിത്രങ്ങൾ തയ്യാറാക്കുന്നു. | ജൂൺ – മാർച്ച് – | 1000 | എസ്.ആർ.ജി. |

| | | | | |
|---|---|---|---|---|
| ഭാഷയുമായി ബന്ധപ്പെട്ട് ഉയർന്ന ശേഷികൾ കൈവരിക്കാൻ | – കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ ചേർത്തുവെച്ച് മാഗസിൻ തയ്യാറാക്കുന്നു | 2023 | 1000 | മലയാളം ക്ലബ്ബ് |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ സ്വതന്ത്ര വായന പ്രാപ്തമാക്കുക. | – കുട്ടികൾക്ക് ഏതുസമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാ മൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | 2023 ഒന്നാം പാദം | 5000 | മലയാളം ക്ലബ്ബ് |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താൻ | – പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഉള്ള സ്കൂൾതല ക്യാമ്പ്.<br>– ലൈബ്രറി കൗൺസിലിന് ആഭിമുഖ്യത്തിൽ ആസ്വാദനക്കുറിപ്പ് അവതരണം. | 2023 ജൂൺ മാർച്ച് | 5000 | മലയാളം ക്ലബ്ബ് – വിദ്യാരംഗം ലൈബ്രറി കൗൺസിൽ |
| ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ | – 5,6,7 ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യത പ്രയോജനപ്പെടുത്താൻ സ്മാർട്ട് ക്ലാസ് റൂം പ്രയോജനപ്പെടുത്തുന്നു. | ജൂൺ – മാർച്ച് | 1000 | മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വായനാ ശീലം കുറയുന്നതായി കാണുന്നു. ആയതിനാൽ വായനാ ശീലം വർദ്ധിപ്പിക്കുന്നതിന് | – ഓരോ ക്ലാസുകളിലും ആഴ്ചയിൽ ലൈബ്രറി പുസ്തക വിതരണം. ലൈബ്രറി സന്ദർശനം.<br>– വായന കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരണം. | 2023 ജൂൺ മുതൽ മാർച്ച് വരെ | | മലയാളം ക്ലബ്ബ് |
| സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ | – സർഗ്ഗ വേളകളിൽ കണ്ടെത്തിയവരുടെ വിവിധ സർഗ്ഗശേഷി വികസനത്തിനായി കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു. | രണ്ടാം പാദം & മൂന്നാം പാദം | 1000 | എസ്.ആർ.ജി. വിദ്യാരംഗം |

# English

| ലക്ഷ്യം | പ്രവർത്തന പരിധി | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തൽ | English Capsule- Conversation (pictures, situations) with the help of pictures and video.<br>- English Newspaper<br>- English Assembly<br>- Interview<br>- Product review | ജൂൺ മുതൽ ഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | - Skill<br>- Create Visiting<br>- Choreography<br>- Youtube style vedio/vlog in English<br>- Drama<br>- Discussion<br>- Story Telling<br>- Welcome Speech<br>- Languages game<br>- Reels<br>- Fashi show wiht paper garments<br>- Announcement<br>- Vote of Thanks<br>- Meet the Foreigner | ജൂലൈ,<br>ആഗസ്റ്റ്,<br>ഒക്ടോബർ,<br>ജനുവരി | | |
| എഴുത്ത് ശീലിപ്പിക്കൽ | - Handwriting<br>- Story Writing Competition<br>- Magazine<br>- Edition<br>- English Wall Magazine<br>- Class Test | നവംബർ,<br>ജൂൺ,<br>ആഗസ്ത്,<br>ജനുവരി<br><br>ജൂലൈ<br>ജൂൺ– മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | - Thought Sharing<br>- Vocabulary Writing<br>- Creative Writing<br>- Essay<br>- Travel itineraries'<br>- Compose e-mails<br>- Idioms and phrases<br>- Puzzles, riddles<br>- Notice<br>- Poster<br>- Invitation<br>- Placards<br>- Book Review<br>- Current Affairs<br>- Collage | ജൂൺ<br>മാർച്ച്<br>ദിനാചരണ<br>ങ്ങളിൽ<br><br>എല്ലാ<br>ആഴ്ചകളിലും | | |
| വായന പ്രോത്സാ<br>ഹിപ്പിക്കൽ | - English News<br>- Languages games<br>- Fashion show with paper garments<br>- Presentation Skit<br>- Choreography<br>- English Library | ജൂൺ– മാർച്ച് | ഇംഗ്ലീഷ്<br>അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | - Newspaper<br>- Book Introduction<br>- Poetry Reading<br>- Notice Board<br>- Reading Competition<br>- Reading Card<br>- Seminars | ജൂൺ– മാർച്ച് | | |
| തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കൽ | - Class Magazine<br>- Writing e-mails<br>- Presentation<br>- Travel itineraries'<br>- English Dictionary<br>- Fun time : Riddles, Jokes, Cartoons, Puzzles<br>- Vocabulary Writing<br>- Product review<br>- Reading words into sentences and Writing the Read Sentences Conceptually | മാർച്ച് നവംബർ | | |
| കേൾക്കുന്നത് ഗ്രഹിക്കാനുള്ള കഴിവ് വളർത്തൽ | - Documentary<br>- Short Films | നവംബർ | | |

| | | | | |
|---|---|---|---|---|
| | - Animation programmes<br>- Book Introduction<br>- Producvt review | | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | - Story telling (V std)<br>- Role Play, Drama (VI std)<br>- Interaction with the resource person (VII std)<br>- Interview | ജനുവരി ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ പി.ടി.എ. ഭാരവാഹികൾ | ഇംഗ്ലീഷ് ക്ലബ്ബ് |
| മാധ്യമങ്ങളെ വിവേക പൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ച പ്പെടുത്താൻ പ്രാപ്ത രാക്കൽ | - Animation programmes<br>- Newspaper Analysis<br>- Self publishing<br>- Drama Presentation<br>- You tube like vedio / vlog | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | - കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ചേർത്ത് നൽകുന്നു. (നമ്പർ കാർഡുകൾ, മഞ്ചാടിക്കുരു, ഫ്ളാഷ് കാർഡ്, അബാക്കസ്, ഫ്രാക്ഷൻ ഡിസ്കുകൾ... ഉപയോഗിക്കുന്നു. | ജൂൺ,<br>ജൂലൈ,<br>ആഗസ്റ്റ്<br>മാസങ്ങൾ | ഗണിതാധ്യാപകർ | |
| വിവിധ ശേഷിക ളുടെ വികസനം | - ഗണിത ക്ലബ്ബ് രൂപീകരണം<br>- ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തി ലുള്ള ദിനാചരണ ആഘോഷങ്ങൾ (രാമാനുജൻ ദിനം)<br>- ഗണിത പൂക്കളമത്സരം<br>- ഗണിത മാഗസിൻ നിർമ്മാണം<br>- യു.പി. വിഭാഗത്തിലെ എല്ലാ ക്ലാസ്സു കളിൽ നിന്നുമുള്ള മികച്ച സൃഷ്ടി കൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ നിർമ്മിക്കുന്നു | ജൂൺ<br><br>ഡിസംബർ<br>ആഗസ്റ്റ്<br><br>സെപ്തംബർ | ഗണിതാധ്യാപകർ<br><br><br>ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | - ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഭിന്നസംഖ്യകൾ, ഗ്രാഫുകൾ... തുടങ്ങിയ പ്രവർത്തനങ്ങൾ IT സാധ്യതകൾ (Gegebra, PhET) ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിച്ച് ഗണിതപഠനം കൂടുതൽ രസകരമാക്കുന്നു. | ജൂൺ ഫെബ്രുവരി | ഗണിതാധ്യാപകർ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | - ഗണിത ക്ലിനിക്ക് – ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ – ജനുവരി | ഗണിത ക്ലബ്ബ് | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുന്നു | - ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത ക്വിസ്സ് മത്സരങ്ങൾ, പസിലുകൾ, ഗെയിമുകൾ, ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ.. തുടങ്ങിവ ഉൾപ്പെടുത്തി മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ– ഫെബ്രുവരി | ഗണിത ക്ലബ്ബ് | പി.ടി.എ. |

| | | | | |
|---|---|---|---|---|
| | - പഠനോപകരണ നിർമ്മാണം, പ്രദർശനം<br>- ഒറിഗാമി ശിൽപശാല | ഒക്ടോബർ ജനുവരി | | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക. | - 5,6,7 ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചു വരെ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | - സയൻസ് പാഠഭാഗങ്ങൾ പരിസ്ഥിതി ദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു | ജൂൺ 5 എക്കോ ക്ലബ്ബ് | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | - നിരന്തരം മൂല്യനിർണയത്തിൽ ആവശ്യമായ ചോദ്യം ചോദിക്കൽ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു. | | | |
| | - ചാർട്ട് പ്രവർത്തനങ്ങൾ പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ സെമിനാറുകൾ എന്നിവ നടത്തുന്നു. | ജൂൺ മുതൽ മാർച്ചു വരെ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | - കുട്ടികളെ ഗ്രൂപ്പാക്കി അധ്യാപകരുടെ സഹായത്തോടെ ക്ലാസിലും ലാബിലും പരീക്ഷണങ്ങൾ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | - പ്രൊജക്ട് വർക്കുകൾ ചെയ്യുന്നു. | | | |
| ക്ലാസിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | - പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചാർട്ടിൽ ചിത്രങ്ങൾ വരയ്ക്കുകയും ക്ലാസിലും സ്കൂളിലും പ്രദർശിപ്പിക്കുന്നു. | | | |
| | - കുട്ടികൾക്ക് അവർ ഇഷ്ടപ്പെടുന്ന പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ചിത്ര പ്രദർശനം നടത്താൻ അവസരമൊരുക്കുന്നു. | എല്ലാ വർഷവും | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക | - സ്കൂൾശാസ്ത്ര ലൈബ്രറിയിൽ ഉപയോഗപ്പെടുത്തൽ | എല്ലാ വർഷവും | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | - വിദഗ്ധരുടെ ക്ലാസുകൾക്കും അനുബന്ധ പരീക്ഷണങ്ങൾക്കും സ്മാർട്ട് ക്ലാസ് ഉപയോഗപ്പെടുത്തുന്നു. | | | |
| | - ഡിജിറ്റൽ വർക്കുകൾ തയ്യാറാക്കിയത് കാണിക്കുന്നു. | | | |
| | - ക്ലാസിൽ ലാപ്ടോപ് ഉപയോഗപ്പെടുത്തുന്നു. | | | |

| | | | | |
|---|---|---|---|---|
| | - ഡിജിറ്റൽ ലൈവ് ക്ലാസുകൾ പ്രദർശിപ്പിക്കുന്നു. | | | |
| മുഴുവൻ കുട്ടികളെയും എല്ലാ പ്രവർത്തനങ്ങളിലും ഒരു നിശ്ചിത നിലവാരത്തിലേക്ക് എത്തിക്കുക പ്രക്രിയ ശേഷി ഉയർത്തുക. | - സ്കൂൾലാബ് ശക്തീകരണം, വിവരശേഖരണം.<br>- എല്ലാ ക്ലാസുകളിലും സയൻസ് ലാബ് ഒരുക്കൽ.<br>- ശാസ്ത്ര പരീക്ഷണ ബുക്ക് തയ്യാറാക്കൽ.<br>- എല്ലാവർക്കും ശാസ്ത്രപരീക്ഷണം ചെയ്യാൻ അവസരമൊരുക്കുന്നു.<br>- ചെറുപരീക്ഷണ വീഡിയോ തയ്യാറാക്കൽ.<br>- കുട്ടിക്ക് സ്വയം പരീക്ഷണം ചെയ്തു നിഗമനത്തിലെത്താൻ അവസരമൊരുക്കുന്നു.<br>- ആവശ്യമായ ഉപകരണങ്ങൾ കുട്ടി സ്വയം ഉണ്ടാക്കി ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം വളർത്തുക. | - ക്ലാസ് തലത്തിൽ സയൻസ് മാജിക് അവതരണം – കുട്ടികൾ പഠിച്ചിട്ടുള്ളത് അവർക്ക് അറിയാവുന്നതായ പരീക്ഷണം മാജിക് രൂപത്തിൽ അവതരിപ്പിക്കൽ. | എല്ലാ വർഷവും | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | - സയൻസ് ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.<br>- ശാസ്ത്ര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| | ***<u>ദിനാചരണങ്ങൾ പ്രവർത്തനങ്ങൾ</u>***<br>- പരിസ്ഥിതി ദിനങ്ങളിൽ ചാർട്ട് പ്രദർശനം സയൻസുമായി ബന്ധപ്പെടുത്തുന്നു.<br>- പഠന പിന്നോക്കക്കാരെയും ഭിന്നശേഷിക്കാരെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>- വിവിധ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ ശാസ്ത്രദിനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കൽ.<br>- കണ്ടുപിടുത്തങ്ങൾ. | ജൂൺ 5<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>ഫെബ്രുവരി | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, പ്രീടെസ്റ്റിലൂടെ പരിശോധിക്കൽ, നേടിയെടുക്കൽ | - അന്തർ ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യത ഉപയോഗിച്ച് Memory Test നടത്തുന്നു. (ക്ലാസ് 5,6,7)<br>- സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചോദ്യാവലി ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ (അക്കാദമിക വർഷാരംഭം) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 1000 |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുന്നു | - കളറാ സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ–ജൂലൈ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | - ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | - സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | - സാമൂഹ്യ ശാസ്ത്ര ലാബ്, സാമൂഹ്യ ശാസ്ത്ര പുസ്തകങ്ങൾ, ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബുകൾ, ഐസിടി അധിഷ്ഠിത ക്ലാസ്സ് റൂം, പഴയകാല ഉപകരണങ്ങൾ, പഴയ നാണയങ്ങൾ, കറൻസികൾ എന്നിവ കുട്ടികൾക്ക് ആശയവിനിമയത്തിനായി ഉപയോഗിക്കുന്നു. (5,6,7) | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 10000 |
| കുട്ടികൾക്ക് പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണയുണ്ടാക്കുക. | - പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>- ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക.<br>- മുതിർന്ന പൗരന്മാരുമായി അഭിമുഖം.<br>- ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര. (ക്ലാസ് 5,7) | 6 മാസം ജൂൺ - നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3000 |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് പഴയ കാല ഉപകരണങ്ങളെ ക്കുറിച്ച് ധാരണ നൽകൽ | - വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ സാധനങ്ങൾ ശേഖരിക്കൽ.<br>- സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ. (ക്ലാസ് 5) | ജൂൺ – മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 10000 |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ധാരണ സൃഷ്ടിക്കുന്നു പൗരധർമ്മം തിരിച്ചറിയുന്നു. | - ബോധവത്കരണ ക്ലാസ് തെരുവു നാടകം.<br>- സ്കൂൾ പാർലമെന്റ് രൂപീകരണം.<br>- സമൂഹവുമായി ഇടപെടൽ (5,6,7) | സെപ്റ്റംബർ – ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000 |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | - ഫീൽഡ് ട്രിപ്പ് – ക്ലാസ് 5<br>- വിദഗ്ധരായ ആളുകളുടെ ക്ലാസ് | ഡിസംബർ | പി.ടി.എ. ഭാരവാഹികൾ സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 10000 |
| ഭൂമിശാസ്ത്രപരമായ അവബോധം കുട്ടികളിൽ രൂപപ്പെടുത്തുക. | - കേരളം, ഇന്ത്യ, ലോക ഭൂപടം പരിചയപ്പെടുത്തുന്നു. ഐ.സി.ടി. ഉപയോഗിച്ച് പഠനനേട്ടങ്ങൾക്ക് വ്യക്തത വരുത്തുന്നു. റോൾപ്ലേ ദിവസത്തിൽ കുറച്ച് ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുന്നു. | ജൂൺ – നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 5000 |

| | | | | |
|---|---|---|---|---|
| | - പ്രദേശത്തെ ചരിത്ര സ്മാരക സന്ദർശനം, ചരിത്രപ്രാധാന്യമുള്ള സ്ഥല സന്ദർശനം. (5, 7 ക്ലാസ്) | | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | - ആനുകാലിക വിഷയങ്ങളെ കുറിച്ചുള്ള മത്സരങ്ങൾ അടിക്കുറിപ്പ് ലേഖനം പ്രഭാഷണം – ക്ലാസ് 5,6,7 | ജൂൺ – മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| അർത്ഥപൂർണ്ണമായ ഭൂപടവായന ക്രമീകരിക്കുന്നു. | - ഗ്ലോബ് പരിചയപ്പെടൽ, അക്ഷാംശ രേഖാംശ രേഖകൾ, ആഴ്ച്ചയിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു.<br>- കുട്ടികൾ 10 ചോദ്യങ്ങൾ ശേഖരിക്കുന്നു. ബോധവത്ക്കരണ ക്ലാസ്, പവർ പോയിന്റ് പ്രസെൻറ്റേഷൻ<br>- ആനുകാലിക വിഷയങ്ങൾ. (ഉപന്യാസം, നിമിഷപ്രസംഗം) ക്ലാസ് 7 | ജൂൺ – ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | - കേരളത്തിലെ ജില്ലകൾ കുട്ടികൾ കണ്ടെത്തുന്നു.<br>- ഇന്ത്യയുടെ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു. ലോകം– വൻകരകൾ കണ്ടെത്തുന്നു.<br>- My Social Collections (wins, stamps, soil, paper cutting) class5 | ജനുവരി – ഫെബ്രുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 2000 |

| | | | | |
|---|---|---|---|---|
| സാമൂഹിക സേവനം മനസ്സിലാക്കൽ | - രോഗികൾക്ക് ഓണം, ബക്രീദ്, ക്രിസ്മസ് ദിനങ്ങളിൽ കിറ്റ് വിതരണം.<br>- പാട്ടുവണ്ടി, പാട്ട്, പ്രസംഗം, നാടകം എന്നിവയിൽ മികവുപുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപപ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നു.<br>- സ്കൂളുംപരിസരവും സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വൃത്തിയാക്കുന്നു. ക്ലാസ് 6 | ജനുവരി – മാർച്ച് | പി.ടി.എ. ഭാരവാഹികൾ SSG, മെമ്പർമാർ, സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ചരിത്രപ്രധാനദിനങ്ങളെകുറിച്ചും ആഘോഷങ്ങളെ കുറിച്ചുള്ള ധാരണ സൃഷ്ടിക്കൽ | - ദിനാചരണം സംഘടിപ്പിക്കുക.<br>- അഭിമുഖം<br>- വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക. ക്ലാസ് 5, 6, 7 | ജൂൺ – മാർച്ച് | സോഷ്യൽ സയൻസ് ക്ലബ്ബ് | 25000 |
| സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക. | - ICT സാധ്യതയോടു കൂടിയ SS Lab എന്ന സംരംഭം വിദ്യാലയ വികസന സമിതിയിൽ അവതരിപ്പിക്കൽ.<br>- സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം. (ക്ലാസ് 5,6,7) | ആഗസ്ത് | സോഷ്യൽ സയൻസ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| പ്രാചീന–മധ്യ–ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരം തിരിക്കുന്നു | - മധ്യകാല ലോകത്തിലെ നഗരങ്ങൾ ഏവയെന്നും വിവിധ മേഖലകളിലുള്ള വളർച്ച എങ്ങനെയെന്ന് കണ്ടെത്തി വിവരിക്കുന്നു.<br>- വിവരണം തയ്യാറാക്കൽ, ചിത്രപതിപ്പ്, കുറിപ്പ് തയ്യാറാക്കുക. പതിപ്പ്, കാർട്ടൂൺ, Flow chart. ക്ലാസ് 6 | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രാദേശിക ചരിത്രാവബോധം, ഭൂമി ശാസ്ത്രവബോധവും വളർത്തുക. | - അക്ഷാംശ രേഖാംശ രേഖകൾ അനുസരിച്ചുള്ള വ്യത്യസ്ത കാലാവസ്ഥ മേഖലകൾ കണ്ടെത്തി വിലയിരുത്തുന്നു.<br>- ക്വിസ് മൂന്നുമാസത്തിലൊരിക്കൽ.<br>- ചുമർ പത്രം, കൊളാഷ്, ഫീൽഡ് ട്രിപ്പ്<br>- ഓരോ കുട്ടിയും അവരവരുടെ പ്രദേശത്തിന്റെ ചരിത്രം തയ്യാറാക്കുന്നു.<br>- ചരിത്ര നേതാക്കന്മാർ : അഭിമുഖം, സംവാദം, ചോദ്യാവലി, സന്ദർശന റിപ്പോർട്ട്, അറ്റ്ലസ് നിർമ്മാണം, ക്വിസ് മത്സരം. ക്ലാസ് 5,7 | സെപ്റ്റംബർ – ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 5000 |
| സാമൂഹ്യശാസ്ത്ര വിശകലന ശേഷി Enquiry Skill എന്നിവ എല്ലാകുട്ടികളും ആർജ്ജിക്കുക. | - ഭൂപടനിർമ്മാണം, ആൽബ പ്രദർശനം, താരതമ്യക്കുറിപ്പ് (മധ്യകാലം ആധുനിക കാലം), ചരിത്രപഠന അവലോകനം, ക്വിസ്മത്സരം, ചുമർപത്രിക, ആൽബം, | ഒക്ടോബർ | സാമൂ ഹ്യ ശാസ്ത്ര ക്ലബ്ബ്, അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | ഭൂപടനിർമ്മാണം, മണ്ണ്, മണൽ, കക്ക, വളപ്പൊട്ട് മുതലായവ. – ക്ലാസ് 6 | | | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | - | ഫീൽഡ് ട്രിപ്പ്, സർവ്വെ, പരിസ്ഥിതി ചർച്ചയ്ക്കും കാരണമാകുന്ന മനുഷ്യൻ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | - | സിവിൽ സർവ്വീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്നു. ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരിതങ്ങളെക്കുറിച്ചും മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | - | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരിതങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുകയും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | - പ്രകൃതി ദുരിതങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായ കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷി ഉണ്ടാക്കൽ (പിന്നാക്കക്കാർക്ക് എഴുതാനും, വായിക്കാനും അക്ഷരക്ലാസ്സ്) | - ഹിന്ദി അക്ഷരം എഴുത്ത്<br>- ചിഹ്നം ഉറപ്പിക്കൽ<br>- പ്രീ–ടെസ്റ്റ്<br>- ക്ലാസ്സ് അക്ഷരമാല പ്രദർശനം<br>- വാക്കുകൾ എഴുതിയ കാർഡ്<br>- വാക്കുകൾ നിർമാണം | ജൂൺ – ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | - വാക്യങ്ങൾ നിർമ്മാണം<br>- വായന കാർഡ് നിർമ്മാണം<br>- ഹിന്ദി കോപ്പി | | | |
| ഹിന്ദി അന്തരീക്ഷം ഉണ്ടാക്കൽ | - ഹിന്ദി അസംബ്ലി<br>- ഹിന്ദി വാർത്താവായന<br>- നാടക ഗ്രൂപ്പ്<br>- ഹിന്ദി ലൈബ്രറി നിർമ്മാണം<br>- ഹിന്ദി ക്ലബ് നിർമ്മാണം | 1 വർഷം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി എഴുത്ത് മെച്ചപ്പെടുത്തൽ | - ക്ലാസ് തലത്തിൽ കോപ്പി എഴുത്ത്<br>- ഡയറി എഴുത്ത്<br>- സാഹിത്യകാരന്മാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>- പതിപ്പ് തയ്യാറാക്കൽ<br>- ഹിന്ദി കവിത, കഥകളുടെ ശേഖരണം | 1 വർഷം | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കൽ | - 5,6,7 ക്ലാസുകളിൽ സുഗമ ഹിന്ദി പരീക്ഷ നടത്തിക്കൽ<br>- കഥ, കവിത, വായന മത്സരങ്ങൾ നടത്തിക്കൽ | ഡിസംബർ –മാർച്ച് | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| ഐടി യിലൂടെ ഹിന്ദി അറിവ് ഉണ്ടാക്കാൻ | - ക്ലാസ് തലത്തിൽ വർക്ക് സീറ്റുകളുടെ പ്രദർശനം<br>- പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | 1 വർഷം | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രതിഭകൾക്ക് അവസരമൊരുക്കൽ | - | ജൂലൈ –ഫെബ്രുവരി | ഹിന്ദി അധ്യാപകർ | രക്ഷിതാവ് പി.ടി.എ. |
| ഹിന്ദി ആശയ പ്രകടനത്തിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കൽ | - ക്ലാസുകൾ ഹിന്ദിയിൽ കൈകാര്യം ചെയ്യുന്നു | 1 വർഷം | ഹിന്ദി അധ്യാപകർ | |
| 5,6,7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും, ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിക്കുക | - പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും.<br>- ചിത്രങ്ങൾ , അക്ഷരമാലാ ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള ശ്രമം ചെയ്യും | - നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ വീഡിയോ പ്രദർശനം, താഴെ ഹിന്ദിയിൽ വാക്യമുള്ള ചിത്രങ്ങൾ കാണിക്കാം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഹിന്ദി സംസാരം<br>ഹിന്ദിയിൽ സംസാരി ക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും, നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരി ക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും | - ഹിന്ദിയിൽ മാത്രം മിക്കവാറും ക്ലാസ്സു കളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദി യിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും.<br>- വായനയ്ക്ക് വായനാകാർഡുകൾ നൽകി വായിപ്പി ക്കുന്നു. Readery Fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസി ല്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ക്ലബ്ബ് രൂപീകരണം<br>ഹിന്ദി ദിനാചരണ ആഘോഷം<br>സുഗമ ഹിന്ദി പരീക്ഷ | - ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രേംചന്ദ് ജയന്തി ദിനത്തിൽ പോസ്റ്റർ നിർമ്മാണവും, പ്രദർശനവും, ക്വിസ് മത്സരം, പ്രസംഗം, സുഗമ ഹിന്ദി പരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# സംസ്കൃതം

| ലക്ഷ്യങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളിലെ പിന്നാക്കാവസ്ഥ<br>എല്ലാ കുട്ടികളെയും ഭാഷാപഠന തൽപ്പരരാക്കുന്നു<br>അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | - അക്ഷരം എഴുത്ത്<br>- ചിഹ്നം ഉറപ്പിക്കൽ<br>- അക്ഷര കാർഡ്<br>- വാക്കുകൾ എഴുതിയ കാർഡ്<br>- അക്ഷരമാല പ്രദർശനം<br>- വാക്കുകൾ നിർമ്മാണം<br>- ചെറിയ വാക്യ നിർമാണം<br>- കുട്ടികളുടെ പഠനമികവുകളും, പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും, പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ – ആഗസ്ത്<br>ജൂൺ – മാർച്ച് | | സംസ്കൃതം അധ്യാപകർ<br>SRG<br>സംസ്കൃത ക്ലബ്ബ് |
| വീട് ഒരു പരീക്ഷണ ശാല | - കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കൾ, ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. | സെപ്തംബർ – ഒക്ടോബർ, നവംബർ | | |
| വായിക്കുന്നതിനുള്ള അപാകത | - ***ഭാഷാ ലാബ്*** – കുട്ടികളിൽ വായനാശീലം വളർത്തുക. | ഡിസംബർ | | സംസ്കൃതം അധ്യാപകർ |

| | | | | |
|---|---|---|---|---|
| | - ***റീഡിങ് കോർണർ*** –എന്നും വായിക്കാനും എപ്പോഴും വായിക്കാനും ഡിജിറ്റൽ ലൈബ്രറി | | | സംസ്കൃത ക്ലബ്ബ് |
| പുസ്തക പരിചയക്കുറവ് | - വിദ്യാർഥികൾക്ക് സംസ്കൃത പുസ്തകങ്ങൾ കൊടുത്ത് ആസ്വാദനക്കുറിപ്പ്, ക്വിസ് എന്നിവ സംഘടിപ്പിക്കുക. | ജനുവരി–ഫെബ്രുവരി | | |
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾ | - അക്ഷരങ്ങൾ എല്ലാ ദിവസവും എഴുതി വയ്ക്കുക. ക്രീഡകളിലൂടെയുള്ള പഠനം. | ഒരു വർഷം 2023–24 | | |
| സർഗാത്മക പ്രകടനം, സംസ്കൃത ഭാഷയിലൂടെയുള്ള പ്രകടനം | - സംസ്കൃത ക്ലബ് പ്രവർത്തനം<br>- സംസ്കൃത ദിനാചരണം<br>- സംസ്കൃത ഗീത എന്നിവ പഠിപ്പിക്കുക.<br>- സംസ്കൃതത്തിൽ സംസാരിക്കാൻ പ്രേരിപ്പിക്കുക.<br>- നിത്യജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക.<br>- സംസ്കൃത സുഭാഷിതം, മാഗസിൻ എന്നിവയുടെ നിർമ്മാണം. | ഒരു വർഷം 2023–24 | | സംസ്കൃതം അധ്യാപകർ |

# എച്ച്. എസ്. വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയിലും ലേഖനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ. | പ്രീ-ടെസ്റ്റ് | ജൂൺ 2 | ക്ലാസ്സ് ടീച്ചേഴ്സ് | പി.ടി.എ. |
| പിന്നാക്കക്കാർക്ക് മലയാളം എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. (ശ്രദ്ധ ക്ലാസ്സ്) | – അക്ഷരം ഉറപ്പിക്കൽ.<br>– ചിഹ്നം ഉറപ്പിക്കൽ.<br>– പദനിർമാണം.<br>– വാക്യനിർമാണം.<br>– കേട്ടെഴുത്ത്.<br>– പകർത്തെഴുത്ത്.<br>– പദം കണ്ടെത്തൽ. | ഒരു വർഷ ക്കാലം 3 മാസം | മലയാളം ടീച്ചേഴ്സ് | ഡിപ്പാർട്ട്മെന്റ് |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | – വായനാദിനാചരണം | ജൂൺ 19, ജൂലൈ 19 | വിദ്യാരംഗം | പി.ടി.എ. |
| | – പി.എൻ. പണിക്കർ അനുസ്മരണം<br>– ക്ലാസ്സ് ലൈബ്രറി | 2 മാസം | വിദ്യാരംഗം മലയാളം അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | – ലൈബ്രറി പുസ്തക വിതരണം<br>– സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>– പത്രവായന<br>– പതിപ്പ് നിർമാണം<br>– ആസ്വാദനക്കുറിപ്പ്<br>– കഥാപാത്രനിരൂപണം<br>– ജീവചരിത്രക്കുറിപ്പ് | | | |
| സർഗശേഷി വികസനം | – സാഹിത്യക്വിസ്<br>– ചിത്രരചന<br>– കവിതാലാപനം<br>– കഥ, കവിത, ശിൽപശാല രചനകൾ<br>– പുസ്തക ചർച്ച<br>– പുസ്തക പരിചയം (അധ്യാപകൻ)<br>– അമ്മ വായന – വീടുകളിലേക്ക് കുട്ടികൾ വശം | മാസത്തിൽ 1 തവണ<br><br>2 ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം<br><br>വിദ്യാരംഗം | അധ്യാപകർ |
| വിവിധ ശേഷികളുടെ വികസനം | – ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് | മലയാള അധ്യാപകർ | പി.ടി.എ. |

| | | | | |
|---|---|---|---|---|
| | – വായനാദിനം<br>– ബഷീർ ചരമദിനം<br>– കർഷക ദിനം<br>– ഓണം<br>– സ്വാതന്ത്ര്യദിനം<br>– അധ്യാപക ദിനം<br>– ഗാന്ധിജയന്തി<br>– ലോക തപാൽദിനം<br>– കേരളപ്പിറവി ദിനം<br>– ശിശുദിനം<br>– ക്രിസ്മസ്<br>– റിപ്പബ്ലിക് ദിനം<br>– ലോകവന്യജീവി ദിനം | | | |
| പരീക്ഷാ പരിശീലനം SSLC 100% വിജയം ഉറപ്പിക്കൽ | – ക്ലാസ്സ് ടെസ്റ്റ്<br>– മന്ത്ലി ടെസ്റ്റ്<br>– മിഡ് ടേം ടെസ്റ്റ്<br>– ടേം ഇവാല്യുവേഷൻ | ജൂൺ – മാർച്ച് | അധ്യാപകർ | |
| | – ജനറൽ ക്യാമ്പ്, റസിഡൻഷ്യൽ ക്യാമ്പ് | ജനുവരി – ഫെബ്രുവരി | SRG | പി.ടി.എ ഡിപ്പാർട്ടുമെന്റ് |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയിൽ Listerning, Speaking, Rading, Writig, Skills നേടിയെടുക്കൽ | Presentation of Audio clips (Poems, Conversation, Speech etc)<br>• English Assembly<br>• Story telling<br>• Discussion<br>• Seminar<br>• Skit<br>• Roleplay<br>• News reading<br>• Story talking<br>• Review | ജൂൺ - ഫെബ്രുവരി<br><br>ജൂലൈ- ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ<br><br>ഇംഗ്ലീഷ് അധ്യാപകൻ |
| | • English Wall Magazine, Play cards, Collage, Reading competition, Class test | ദിനാചരണങ്ങളിൽ<br><br>ജൂലൈ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| Hand writing മെച്ചപ്പെടുത്തൽ | Copy writing (8, 9, $10^{th}$ std) | ജൂലൈ - ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |

| | | | |
|---|---|---|---|
| സ്പെല്ലിംഗ് തെറ്റ് കൂടാതെ എഴുതുക. | Dictation (8, 9, 10) | ജൂലൈ – ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| Creativity വളർത്തിയെടുക്കാനും, മെച്ചപ്പെടുത്താനും | English Club രൂപീകരണം<br>Writing poems, Essays, Enacting Drama, Skit, Role play, Choreography, Story Writing | ജൂൺ<br>ജൂൺ – ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |

# മാത്തമാറ്റിക്സ്

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ആശയം ഉറപ്പിക്കൽ | – Paper cutting<br>– ക്ലാസ്സിലെ മികച്ച കുട്ടികളെ ഉൾപ്പെടുത്തി ഗണിതാടിസ്ഥാന ആശയം ഉറപ്പിക്കൽ<br>– വർക്ക് ഷീറ്റുകളുടെ ഉപയോഗം<br>– ICT ഉപയോഗം<br>– സംഖ്യാമാല<br>– പരീക്ഷകൾ<br>– ഗണിത ക്വിസ്സ് | June – September<br>June – March | ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ, Little Kite കുട്ടികൾ | 2,000/–<br>1,000/ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികളിൽ സംഖ്യാബോധം വളർത്തൽ | – സങ്കലന പട്ടിക<br>– ഗുണന പട്ടിക<br>– കേക്ക്, പപ്പടം നൽകി തുല്യമായി വീതിക്കൽ<br>– അബാക്കസ് നിർമാണം, പ്രദർശനം<br>– പാസ്കൽ ട്രയാങ്കിൾ നിർമാണം | June – October<br><br>June - 19 | ഗണിത അധ്യാപകർ, പിയർ ഗ്രൂപ്പ് | 1,000/– |
| 3 | ഗണിത പഠന പ്രവർത്തനം ലളിതമാക്കൽ | – ഗണിത ലാബ് സജ്ജീകരണം<br>– ഗണിതാശയം കുട്ടികൾ ലളിതമായി അവതരിപ്പിക്കുന്നു. | June – September<br>June - March | PTA, BRC, ഗണിത അധ്യാപകർ, കുട്ടികൾ | 1,00,000/– |
| 4 | ഗണിത പഠന പ്രവർത്തനം രസകരമാക്കൽ | – ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ്സ് റൂം ജ്യോമട്രിക്കൽ ഗാർഡനാക്കി മാറ്റുക (Door ൽ angle, ജനലിൽ geometrical figures etc.)<br>– പൂക്കളം ഡിസൈൻ<br>– സ്റ്റാർ നിർമാണം | July<br><br>August December | PTA, ഗണിത അധ്യാപകർ, കുട്ടികൾ | 1,00,000/– |
| 5 | കുട്ടികളിൽ ഗണിതാഭിരുചി വളർത്തൽ | – സംഖ്യാ പാറ്റേൺ നിർമാണം<br>– ജ്യാമിതീയ ചാർട്ട്<br>– ജ്യാമിതീയ രൂപ നിർമാണം<br>– റുബിക്ക് ക്യൂബ്<br>– ഗണിതകളികൾ<br>– പ്രശ്ന പരിഹാരം | June – December | ഗണിത അധ്യാപകർ, കുട്ടികൾ | 5,000/– |

| | | | | | |
|---|---|---|---|---|---|
| 6 | ഗണിത പതിപ്പ് | – ഗണിത കഥ<br>– ഗണിത കവിത<br>– ഗണിത പാറ്റേണുകൾ<br>– കണക്കിലെ കളികൾ<br>– മാന്ത്രിക ചതുരം<br>– ഗണിത ശാസ്ത്രജ്ഞന്മാരുടെ വിവര ശേഖരണം<br>– ഗണിത പ്രൊജക്ട്<br>– പസിൽ | June – December | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | 5,000/– |
| 7 | ഗണിത ശാസ്ത്രമേള | – ജ്യാമിതീയ രൂപങ്ങളുടെ നിർമാണം<br>– Still Model<br>– Working Model<br>– നമ്പർ ചാർട്ട്<br>– ജ്യാമിതീയ ചാർട്ട്<br>– ഗണിത പസിൽ<br>– പ്രൊജക്ടുകൾ<br>– ഗണിത ക്വിസ്സ് | Augustp September | അധ്യാപകർ– കുട്ടികൾ | 2,000/– |
| 8 | ഗണിത ക്ലിനിക് | – പിയർ ടീച്ചിംഗ്<br>– പ്രശ്ന പരിഹാരം<br>– ശിൽപശാല | June – March | ഗണിത അധ്യാപകർ, കുട്ടികൾ | 1,000/ |

| | | | | | |
|---|---|---|---|---|---|
| 9 | സെമിനാർ | – പൈ ഡേ<br>– രാമാനുജൻ പേപ്പർ പ്രസന്റേഷൻ<br>– ഭാസ്കരാചാര്യ സെമിനാർ<br>– ദേശീയ ഗണിത ദിനം | Jule 22<br>August<br>August<br>December 22 | അധ്യാപകർ | 1,000/- |
| 10 | ഗണിത ഹെൽപ് ഡെസ്ക് | – വെള്ളിയാഴ്ച ഉച്ചസമയത്ത് സംശയ നിവാരണം കുട്ടികൾക്കായി നടത്താം. | June-February | ഗണിത അധ്യാപകർ, കുട്ടികൾ | |
| 11 | ചോദ്യപേപ്പർ നിർമാണം | – കുട്ടികൾ ഓരോ പാഠത്തിന്റെ യും ചോദ്യപേപ്പർ നിർമാണം | June – February | കുട്ടികൾ | |
| 12 | ഗണിത പുസ്തക ചർച്ച | | June-February | കുട്ടികൾ | |
| 13 | പ്രശ്ന പരിഹാരം | | June - February | അധ്യാപകർ, കുട്ടികൾ | 1,000/- |
| 14 | ദൈനംദിന ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം | – കോണുകളുടെ ഉപയോഗം<br>– കെട്ടിടത്തിന്റെ ഉയരം കണക്കാക്കൽ<br>– ചുറ്റളവ്, പരപ്പളവ് കണക്കാക്കൽ<br>– അകലം കാണൽ | November – February | ഗണിത അധ്യാപകർ, കുട്ടികൾ | |
| 15 | ശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ | – ഗണിത ശാസ്ത്രജ്ഞന്മാരുടെ വിവരശേഖരണം<br>– ഗണിത പ്രോജക്ട്<br>– ചാർട്ട് പ്രദർശനം | July – February | ഗണിത അധ്യാപകർ, കുട്ടികൾ | |

# സോഷ്യൽ സയൻസ്

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ ശേഷികളുടെ വികസനം, പ്രധാന ദിനങ്ങൾ വിവിധ പരിപാടികളിലൂടെ കുട്ടികളിൽ എത്തിക്കുന്നു. അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുതകുന്ന വിപുലമായ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ, പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>– ജൂൺ 5 – പരിസ്ഥിതി ദിനം<br>– ജൂൺ 17 – വരൾച്ച – മരുഭൂവൽക്കരണം.<br>– ജൂലൈ 11 – ജനസംഖ്യാ ദിനം<br>– ആഗസ്ത് 6 – ഹിരോഷിമാ ദിനം<br>– ആഗസ്ത് 9 – നാഗസാക്കി ദിനം<br>– ആഗസ്ത് 15 – സ്വാതന്ത്ര്യ ദിനം<br>– ആഗസ്ത് 20 – സദ്ഭാവനാ ദിനം<br>– സെപ്തംബർ 5 – അധ്യാപക ദിനം<br>– സെപ്തംബർ 8 – സാക്ഷരതാ ദിനം | ജൂൺ – മാർച്ച് | SRG, SS ക്ലബ്ബ് | SS ക്ലബ്ബ്<br>PTA<br>FDSJ<br>ഫണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | – സെപ്തംബർ 16 – ഓസോൺ ദിനം<br>– സെപ്തംബർ 27 – വിനോദ സഞ്ചാര ദിനം<br>– ഒക്ടോബർ 2 – ഗാന്ധി ജയന്തി<br>– ഒക്ടോബർ 10 – തപാൽ ദിനം<br>– ഒക്ടോബർ 16 – ഭക്ഷ്യദിനം<br>– ഒക്ടോബർ 24 – ഐക്യരാഷ്ട്ര ദിനം<br>– നവംബർ 1 – കേരളപ്പിറവി ദിനം<br>– നവംബർ 9 – നിയമസേവന ദിനം<br>– നവംബർ 10 – ഗതാഗത ദിനം<br>– നവംബർ 12 – പതാക ദിനം<br>– നവംബർ 14 – ശിശുദിനം<br>– നവംബർ 26 – നിയമദിനം<br>– നവംബർ 30 – പഴശ്ശി രക്ത സാക്ഷി ദിനം<br>– ഡിസംബർ 10 – മനുഷ്യാവകാശ ദിനം<br>– ഡിസംബർ 23 – കർഷക ദിനം | | | |

| | | | | | |
|---|---|---|---|---|---|
| | | – ഡിസംബർ 24 – ദേശീയ ഉപഭോക്തൃ ദിനം<br>– ജനുവരി 9 – പ്രവാസി ദിനം<br>– ജനുവരി 12 – യുവജന ദിനം<br>– ജനുവരി 23 – നേതാജി ദിനം<br>– ജനുവരി 26 – റിപ്പബ്ലിക് ദിനം<br>– ജനുവരി 30 – രക്തസാക്ഷി ദിനം<br>– ഫെബ്രുവരി 19 – പഞ്ചായത്ത് ദിനം<br>– മാർച്ച് 8 – വനിതാ ദിനം<br>– മാർച്ച് 21 – വനദിനം<br>– മാർച്ച് 22 – ജലദിനം<br>– മാർച്ച് 23 – കാലാവസ്ഥാ ദിനം | | | |
| 2 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന് | <u>സ്കൂൾ ഇലക്ഷൻ</u><br>പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM) ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂ ടെ സ്കൂൾ പാർലമെന്റ് രൂപീകരണം. | വർഷത്തി ൽ ഒരു തവണ | SS അധ്യാ പകർ, സ്കൂ ൾ പാർല മെന്റ് ഭാരവാ ഹി കൾ, FDSJ ഭാര വാഹികൾ | SS, PTA, FDSJ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | തുടർന്ന് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ (FDSJ) സ്കൂൾ തലത്തിൽ മോക്ക് പാർലമെന്റ് രൂപീകരിക്കൽ. സ്കൂൾ തല–ജില്ലാതല–സംസ്ഥാന തല സെലക്ഷൻ കിട്ടുന്ന കുട്ടികൾക്ക് പാർലമെന്റ് സന്ദർശിക്കുവാനുള്ള അവസരം ലഭ്യമാകുന്നു. | | | |
| 3 | സാമൂഹ്യ ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ. | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ, ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ്സ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ | SS Teacher | |
| 4 | സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ, പ്രദർശനങ്ങൾ | എല്ലാ കുട്ടികൾക്കും, കാണാനും, വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ, ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കലും. | ദിവസവും പ്രാധാന്യം അനുസരിച്ച് | SS Teacher | PTA, SS Club |
| 5 | പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | SS Teacher | SS Club |

| | | | | | |
|---|---|---|---|---|---|
| 6 | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | SRG, SS Club | ജനാധിപത്യ പ്രതിനിധികൾ , PTA 10,000/- |
| 7 | EAGNA - കുട്ടികൾക്ക് ഭാവിയിൽ സിവിൽ സർവീസ്, മറ്റു മത്സര പരീക്ഷകൾ എന്നിവയിൽ താൽപര്യമുണ്ടാക്കുന്നതിനും, പൊതു സമൂഹത്തെക്കുറിച്ച് അറിവുണ്ടാകുന്നതിനും | പത്രവായന, പൊതുവിജ്ഞാനം, വിവിധ തരത്തിലുള്ള അറിവ് സമ്പാദിക്കുന്നതിനുള്ള യാത്രകൾ, ക്ലാസ്സുകൾ, ക്വിസ്സ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | റെഗുലർ ആയ പ്രവർത്തനങ്ങൾ | EAGNA ഗ്രൂപ്പ് അംഗങ്ങൾ, ചുമതലയുള്ള ടീച്ചർ | വിവിധ ഫാക്കൽട്ടികൾ, ജനപ്രതിനിധികൾ |
| 8 | SSLC പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഉന്നത വിജയം ഉറപ്പാക്കൽ | കുട്ടികളുടെ കഴിവുകൾക്ക് അനുസരിച്ച് തരം തിരിച്ചുള്ള ബോധന രീതി, പഠന പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക ശ്രദ്ധ നൽകൽ, യൂണിറ്റ് പരീക്ഷകൾ, ക്യാമ്പുകൾ എന്നിവ നടത്തുന്നു. | ജനുവരി മുതൽ മാർച്ച് വരെ | SS Teacher | |
| 9 | സാമൂഹ്യ ശാസ്ത്ര പഠനത്തിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം | ഉബുണ്ടു, ഓപ്പറേറ്റിംഗ് സിസ്റ്റത്തിലെ ജ്യോഗ്രഫിക്ക് സോഫ്റ്റ് വെയർ പരിചയപ്പെടുത്തൽ, | വർഷം മുഴുവൻ | SS Club & Teacher | |

| | | | | | |
|---|---|---|---|---|---|
| | നടപ്പാക്കൽ | പ്ലാനറ്റേറിയം വിസിറ്റ്, വാന നിരീക്ഷണം | | | |
| 10 | സാമൂഹിക പാഠബോധം കുട്ടികൾ ആർജ്ജിച്ചിട്ടുണ്ടോ എന്നറിയൽ ലക്ഷ്യമാക്കൽ | പ്രീ–ടെസ്റ്റുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുക, അധ്യാപക ശാക്തീകരണം | ജൂൺ–ജൂലൈ | SS Teacher | |
| 11 | സാമൂഹ്യ ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കൽ | മണ്ണ് പ്രദർശനം, ശിലാപ്രദർശനം, പ്രാദേശിക ചരിത്രരചന, ഫീൽഡ് ട്രിപ്പ്, പ്രതിഭാശാലികൾക്കൊപ്പം, പ്രതിഭാശാലികൾ, പ്രകൃതിയെ അറിഞ്ഞ് ശാസ്ത്ര പഠനം, കാടറിയൽ, പുഴയറിയൽ, മഴയറിയൽ, കൃഷിയറിയൽ, ഗ്രാമമറിയൽ | ജൂലൈ – ആഗസ്റ്റ് | SS Club & Teacher | |
| 12 | സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളെ രൂപപ്പെടുത്തൽ | സാമൂഹ്യ സേവന പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക്കിനെതിരെയുള്ള പ്രവർത്തനങ്ങൾ | ആഗസ്ത് – ഡിസംബർ | SS Club & Teacher | |

# Physics & Chemistry

## ആമുഖം

**ഹൈ**സ്കൂൾ കാലഘട്ടത്തിലൂടെ കടന്നു പോകുന്ന ഓരോ കുട്ടികളും, അവരുടെ ക്ലാസ്സുകൾക്കനുസരിച്ച് ശാസ്ത്ര വിഷയത്തിൽ ശേഷികൾ കൈവരിക്കുകയും, ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ഉള്ളവരായും തീരുന്നു. ഭിന്ന ശേഷിക്കാർക്കും, പല മേഖലകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, തുല്യ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പിക്കുന്നു. സ്കൂൾ പഠനത്തിനു ശേഷം, അവർക്ക് ലഭിച്ച അറിവുകൾ സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താൻ പ്രാപ്തരാക്കുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ കുട്ടികൾക്കും, അവരുടെ ക്ലാസ്സുകൾക്കനുസരിച്ച് ശാസ്ത്ര വിഷയത്തിൽ ശേഷികൾ കൈവരിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നു.
- എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഉറപ്പു വരുത്തുന്നു.
- ശാസ്ത്രമേളകളിലൂടെയും, ദിനാചരണങ്ങളിലൂടെയും ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നു. ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിലേക്ക് എത്തിക്കുകയും അതിലൂടെ സമൂഹത്തിന് ആ ഫലപ്രദമായ തരത്തിൽ ഉപയോഗിക്കൽ കുട്ടിയെ പ്രാപ്തരാക്കുന്നു.
- ശാസ്ത്രവിഷയങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിഗണന നൽകുകയും പരീക്ഷണങ്ങളിൽ പഠന പ്രവർത്തനങ്ങളിലും തുല്യ പരിഗണന നൽകുന്നതിന് ആവശ്യമായ പദ്ധതികളുടെ ആസൂത്രണം.

| ഹ്രസ്വകാല പദ്ധതികൾ | ദീർഘകാല പദ്ധതികൾ |
|---|---|
| - ശാസ്ത്ര ദിനാചരണങ്ങൾ | - ലഘു പരീക്ഷണ മൂലകൾ |
| - ശാസ്ത്ര കോർണർ | - ലാബ് നവീകരണം |
| - ലാബ് ശാക്തീകരണം | - ശാസ്ത്ര പാർക്ക് |
| - ഊർജ്ജ സംരക്ഷണം | - ഫാക്ടറി സന്ദർശനം |
| - വാർത്താബോർഡ് നിർമ്മാണം | - വാന നിരീക്ഷണ ക്യാമ്പ് |
| - പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | |
| - ശാസ്ത്രമാഗസിൻ | |
| - ശാസ്ത്ര ലൈബ്രറി | |
| - ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ | |
| - കുടിവെള്ള പരിശോധന | |
| - ശാസ്ത്ര വർക്ക്ഷോപ്പുകൾ | |
| - ഇ–മാലിന്യ ബോധവൽക്കരണം | |

| നം | പദ്ധതികൾ | പ്രവർത്തനം | കാലാവധി | ഭൗതിക ആവശ്യകത | പിന്തുണ | ധന കാര്യം |
|---|---|---|---|---|---|---|
| 1 | ലാബ് ശാസ്ത്രീകരണം | ഓരോ ക്ലാസ്സിലും നടത്തേണ്ട പരീക്ഷണങ്ങൾ പുസ്തകാധിഷ്ഠിതമായി പട്ടികപ്പെടുത്തുന്നു. ഓരോ കുട്ടികൾക്കും, പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തക്കവണ്ണം നിലവിലുള്ള പരീക്ഷണശാലയെ മാതൃകാപരമായി മാറ്റങ്ങൾ വരുത്തി പ്രവർത്തന സജ്ജമാക്കുന്നു. | | | ഓരോ ക്ലാസ്സിലും സയൻസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ, ക്ലാസ്സുകളിൽ നിന്നും താത്പര്യമുള്ള കുട്ടികൾ, പി.ടി.എ. എന്നിവരുടെ പങ്കാളിത്തം. | 15000 |
| 2 | ശാസ്ത്ര ദിനാചരണങ്ങൾ | ശാസ്ത്രദിന ക്വിസ്, പോസ്റ്ററുകൾ തയ്യാറാക്കൽ, ശാസ്ത്രപ്രതിഭകളുമായുള്ള അഭിമുഖം, ശാസ്ത്രദിന കലണ്ടർനിർമാണം, ഫീൽഡ് ട്രിപ്പുകൾ | | | അധ്യാപകരും, സയൻസ് ക്ലബ്ബ് അംഗങ്ങളും | 10000 |
| 3 | ഊർജ്ജ സംരക്ഷണം | ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്ന ക്ലാസ്സുകൾ, KSEB അധികൃതർ നൽകുന്ന പ്രത്യേക ക്ലാസ്സുകൾ, ഡോക്യുമെന്ററികളുടെ പ്രദർശനം. | | | KSEB അധികൃതർ, അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ | |

| | | | | | | |
|---|---|---|---|---|---|---|
| 4 | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | പേപ്പർ ബാഗ് നിർമ്മാണം, പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള ക്ലാസ്സുകൾ, പോസ്റ്റർ നിർമാണം, വാർത്താ ബോർഡുകൾ | | | അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ, ചിത്രകലയിൽ താത്പര്യമുള്ള വിദ്യാർത്ഥികൾ. | |
| 5 | ശാസ്ത്ര ലൈബ്രറി | ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളുടെ ശേഖരണം, വായനാശീലം, പ്രോത്സാഹിപ്പിക്കൽ നിലവിലുള്ള ലൈബ്രറി, പുസ്തകങ്ങളെ തരംതിരിച്ച് ശാസ്ത്രത്തിനായി പ്രത്യേക കോർണർ. | | | അധ്യാപകർ, വിദ്യാർത്ഥികൾ | |
| 6 | ശാസ്ത്ര മാഗസിൻ | ശാസ്ത്ര സംബന്ധമായ അറിവുകളുടെ ശേഖരണം, ക്രോഡീകരിക്കൽ, എഡിറ്റിംഗ് പ്രവർത്തനങ്ങൾ, ചിത്രരചന | | | അധ്യാപകർ, വിദ്യാർത്ഥികൾ, ചിത്രകലാധ്യാപകർ, ചിത്രം വരയ്ക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ | |
| 7 | ശാസ്ത്രമേളകൾ | ക്ലാസ്സ് തലത്തിലും, സ്കൂൾ തലത്തിലും ശാസ്ത്രമേളകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് കാണാനുള്ള അവസരം നൽകുകയും ചെയ്യുന്നു. | | | അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ, എസ്.എം.സി. | |

| | | | | | | |
|---|---|---|---|---|---|---|
| 8 | ശാസ്ത്ര ജേർണ ലുകൾ പരിചയ പ്പെടൽ | ക്ലാസ്സ് തലത്തിലും, സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ തലത്തിലും ശാസ്ത്ര ജേർണലുകൾ ശേഖരിച്ച് വിദ്യാർ ത്ഥികൾക്ക് വായിക്കാനുള്ള അവസരങ്ങൾ ഒരുക്കി കൊടു ക്കൽ | | | അധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ | |
| 9 | ലഘു പരീക്ഷ ണ മൂലകൾ, പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള ഉപകരണ നിർമാണം | പാഴ് വസ്തുക്കളുടെ പുനരുപ യോഗം, ഇവ ഉപയോഗിച്ച് നിർമി ക്കാവുന്ന ഉപകരണങ്ങളും അപകടരഹിതമായ രാസവസ്തു ക്കളും ഉപയോഗിച്ച് കുട്ടികൾക്ക് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാൻ പറ്റുന്ന പരീക്ഷണാ മൂലകങ്ങളുടെ നിർമ്മാണം | | | അധ്യാപകർ, വിദ്യാർത്ഥികൾ, സയൻസ് ക്ലബ്ബ് അംഗങ്ങൾ, പി.ടി.എ., എം.പി.ടി.എ | |
| 10 | ഇ-മാലിന്യ ബോധവത്ക്കര ണം | വിദ്യാർത്ഥികളെയും, അവരുടെ രക്ഷിതാക്കളെയും, ഇ-മാലിന്യ ങ്ങളെ ബോധവാന്മാരാക്കുക. അവ എങ്ങിനെ കൈകാര്യം ചെയ്യാമെന്നുള്ള ക്ലാസ്സുകൾ നൽ കുക, പോസ്റ്ററുകൾ തയ്യാറാ ക്കൽ. | | | അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ. | |

| | | | | | | |
|---|---|---|---|---|---|---|
| 11 | പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾ ക്കുള്ള പിന്തുണ | ക്ലാസ്സിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സയൻസ് ക്ലബ്ബ് അംഗങ്ങളുടെയും മറ്റു വിദ്യാർത്ഥികളുടെയും സഹായത്തോടെ മുന്നിലേക്ക് കൊണ്ടുവരിക. | | | അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ | |

# ജീവശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലാവധി |
|---|---|---|---|---|
| 1 | ജീവശാസ്ത്ര പഠനം കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക, പരിസ്ഥിതി പഠനത്തി ലൂടെ സ്വാഭാവിക ചുറ്റു പാടിനെ അറിയുക. | ഫീൽഡ് ട്രിപ്പ്, ശാസ്ത്രപ്രതിഭകളോടുള്ള അഭിമുഖ ങ്ങൾ, പാഠഭാഗങ്ങൾ പരിസ്ഥിതിയുമായി ബന്ധപ്പെ ടുത്തുന്ന സെമിനാറുകൾ, പ്രൊജക്ട് ശാസ്ത്രപുസ്തക വായന, ശാസ്ത്ര ദിനാചരണങ്ങൾ. | വിഷയ അധ്യാ പകർ | |
| 2 | ലാബ് പ്രവർത്തനം | മൈക്രോസ്കോപ്പ് പരിചയപ്പെടൽ, ഉപയോഗിക്കാനുള്ള ശേഷി നേടുക, ഓരോ പാഠഭാഗത്തു നിന്നും പരീക്ഷ ണങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു. | വിഷയ അധ്യാ പകർ | |
| 3 | ശാസ്ത്രമേള, ശാസ്ത്ര മാഗസിൻ | ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാ ക്കുക, കുട്ടികളുടെ വിവിധ പ്രോജക്ട് തയ്യാറാക്കുക, ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ, കവിതകൾ, ശാസ്ത്രകാരന്മാരുടെ ചിത്രങ്ങൾ, | വിഷയ അധ്യാ പകർ | |

| | | | | |
|---|---|---|---|---|
| | | കണ്ടുപിടിത്തങ്ങൾ, പരീക്ഷണങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി കുട്ടികൾ തയ്യാറാക്കുന്നു. | | |
| 4 | ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക. | സമഗ്ര റിസോഴ്സ് ഉപയോഗപ്പെടുത്തുക, പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം, പരീക്ഷണങ്ങൾ | | |
| 5 | ശാസ്ത്ര ദിനാചരണങ്ങൾ | **<u>ദിനാചരണ പ്രവർത്തനങ്ങൾ</u>**<br>1. പരിസ്ഥിതി ദിനാചരണം<br>- പോസ്റ്റർ നിർമാണം<br>- ഔഷധ തോട്ട നിർമാണം<br>- ഗ്രോബാഗ് കൃഷി<br>- ചാർട്ട് പ്രദർശനം<br>- ക്വിസ്<br>- സ്കൂൾ കോമ്പൗണ്ടിലെ മരങ്ങൾക്ക് പേര് പ്രദർശിപ്പിക്കൽ | ജൂൺ 5– മാർച്ച് | |
| 6 | ശുചിത്വബോധവൽക്കരണം | - ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>- വാർത്താ കുറിപ്പുകൾ തയ്യാറാക്കൽ.<br>- പോസ്റ്റർ നിർമ്മാണം<br>- ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിക്കുന്നു.<br>- സ്കൂൾ പരിസരം വൃത്തിയാക്കൽ<br>- മെഡിക്കൽ ക്യാമ്പ്<br>- രക്തനിർണയ ക്യാമ്പ് | അധ്യാപകർ, വിദ്യാർത്ഥികൾ ആരോഗ്യ പ്രവർത്തകർ | |

| | | | | |
|---|---|---|---|---|
| 7 | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | - ഗൃഹസന്ദർശനം- വീടുകളിൽ ബോധവൽക്കരണം<br>- കൊളാഷ് | ചുമതലയുള്ള അധ്യാപകർ | |
| 8 | കുടിവെള്ള ജല സ്രോതസ്സ് സംരക്ഷണം | - സ്കൂളുകളിലും, വീടുകളിലും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്നു.<br>- മഴക്കുഴി, മഴവെള്ള സംഭരണി എന്നിവയുടെ ആവശ്യകത സമൂഹത്തിലേക്ക് എത്തിക്കുന്നു- ബോധവത്ക്കരണം | | |
| 9 | ബാലശാസ്ത്ര കോൺഗ്രസ്സ് | - പ്രോജക്ട് ചെയ്യാൻ തീരുമാനിച്ചു. | അധ്യാപകർ | |

# ഹിന്ദി

| നം | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷയോട് അഭിരുചി വർദ്ധിപ്പിക്കാൻ | ചതുർഭാഷാ ഫലകം (ഹിന്ദിയിലെ ഒരു വാക്കിന് ഇംഗ്ലീഷിലും, മലയാളത്തിലും, അറബിയിലും അർത്ഥങ്ങൾ എഴുതുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഹിന്ദി ക്ലബ്ബ് | |
| | | ദിനാചരണ പ്രവർത്തനങ്ങളിൽ ഹിന്ദി പ്ലക്കാർഡുകൾ, ചാർട്ട് പ്രദർശനം തുടങ്ങിയവ | ഓരോ മാസത്തെയും പ്രധാന ദിവസങ്ങൾ | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ് | |
| 2 | വായന പ്രോത്സാഹിപ്പിക്കുക. | ഹിന്ദി പുസ്തക വായന പ്രോത്സാഹിപ്പിക്കുന്നതിന് പാഠത്തിന്റെ നിശ്ചിത ഭാഗം മത്സരാടിസ്ഥാനത്തിൽ വായിപ്പിക്കുന്നു. | | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ഹിന്ദി പ്രതിഭകളെ കണ്ടെത്തൽ | ഹിന്ദി ഭാഷ സംസാരിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നതും മറ്റു കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഈ കുട്ടികളെ മുൻനിർത്തിയുള്ള അവതരണം | | അധ്യാപകർ | |
| | | കലോത്സവത്തിന് ഹിന്ദി കവിത, ഹിന്ദി കഥാ രചന, പ്രസംഗം എന്നിവയ്ക്ക് കുട്ടികളെ സെലക്ട് ചെയ്ത് മത്സരത്തിന് പ്രാപ്തരാക്കാൻ പരിശീലനം നൽകുന്നു. | ആഗസ്റ്റ് – സെപ്റ്റംബർ | അധ്യാപകർ | |
| 4 | ഹിന്ദി പതിപ്പ് | അധ്യയന വർഷത്തിൽ ഒന്ന് എന്ന രീതിയിൽ കുട്ടികളുടെ ഹിന്ദി രചനകളുടെ പതിപ്പ് തയ്യാറാക്കുക. | ജനുവരി | അധ്യാപകർ, ഹിന്ദി ക്ലബ്ബ് | |
| 5 | പാഠഭാഗങ്ങളുടെ പൂർത്തീകരണം | ഹൈസ്കൂൾ പാഠഭാഗങ്ങൾ മാസത്തിൽ 1 തവണ വീതം സബ്ജക്ട് കൗൺസിൽ കൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്നു. കുട്ടികൾക്ക് ഓരോ സമയത്തും നേടാനുള്ള ശേഷികൾ കിട്ടിയെന്ന് ഉറപ്പു വരുത്തുന്നു. ടെസ്റ്റുകളിലൂടെ, പരീക്ഷാ മോഡൽ കുട്ടികൾക്ക് ഹൃദിസ്ഥമാക്കാനും, പരീക്ഷാ പരിശീലനത്തിനും അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| നം | ലക്ഷ്യം | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | കായിക ക്ഷമതയുടെ കുറവ് കുട്ടികളിൽ കണ്ടെത്തുന്നു. | – ഇത്തരം കുട്ടികളെ കണ്ടെത്തി ഒരു അക്കാദമിക് വർഷം നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതിയ്ക്ക് രൂപം നൽകി.<br>– ജില്ലാ സ്പോർട്സ് അസോസിയേഷന്റെയും വിദഗ്ധരായ പരിശീലകരെയും, ഉൾപ്പെടുത്തിക്കൊണ്ട് കോച്ചിംഗ് ക്യാമ്പുകൾ നിലവിൽ നടത്തിപ്പോരുന്നു.<br>– സൈക്ലിംഗ്, യോഗ എന്നിവയിൽ ഈ വർഷം മുതൽ വിദഗ്ധമായ പരിശീലനം ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ പരിശീലന പദ്ധതിക്ക് രൂപം നൽകി. | | ജൂൺ മുതൽ | |
| 2 | സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം പരിഹരിക്കൽ | – കായിക പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ഈ വർഷം തുടക്കത്തിൽതന്നെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പി.ടി.ഐ.യെ അറിയിച്ചു.<br>- പി.ടി.എ.യുടെയും എച്ച്.എം.ന്റെയും നേതൃത്വത്തിൽ സ്പോർട്സ് അക്കാദമിയ്ക്ക് സ്കൂളിൽ രൂപം നൽകി. | | പി.ടി.എ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവതിൽ നിന്നും കണ്ടെത്തുവാൻ തീരുമാനിച്ചു. | |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടികൾക്ക് അവർക്ക് താൽപര്യമുള്ള കായിക ഇനങ്ങളിൽ പരിശീലിപ്പിക്കുന്നതിലെ കുറവ് പരിഹരിക്കൽ | - ഇതിനായി വിവിധ കായിക ഇനങ്ങളിൽ മികവു തെളിയിച്ച പരിശീലകരെ വച്ച് പരിശീലനം സ്കൂളിൽ നിലവിൽ തുടങ്ങി | ജൂൺ മുതൽ | | |
| 4 | മികവു തെളിയിച്ച കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭ്യമാക്കുന്നതിലെ പ്രശ്നപരിഹാരത്തിന് വിപുലമായ പദ്ധതി ആവിഷ്ക്കരിക്കൽ. | - പ്രദേശത്തുള്ള കായിക പ്രതിഭകളെ ഉൾപ്പെടുത്തി കൊണ്ട് അത്‌ലറ്റിക് അക്കാദമി ഈ വർഷം സ്കൂളിൽ രൂപം നൽകി. ഘട്ടം ഘട്ടമായി സ്കൂളിലെ മുഴുവൻ കുട്ടികളിലേക്കും എത്തുന്ന തരത്തിൽ യോഗ പരിശീലനക്കാരുടെ നേതൃത്വത്തിൽ ഈ വർഷം യോഗാ ക്ലാസ്സുകൾ തുടങ്ങി. ഇതിന്റെ ഉദ്ഘാടനം അന്താരാഷ്ട്രയോഗാ ദിനത്തിൽ നടത്തി. | | | |
| 5 | ജില്ലാതലം, സംസ്ഥാന തലം, ദേശീയ തലം ഇവയിൽ മത്സരിച്ച് വിജയിച്ചു വരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന പരാതിയിൽ ഈ വർഷം മുതൽ സ്കൂളിൽ സമഗ്രമായ മാറ്റത്തിന് തുടക്കം കുറിക്കൽ. | - ഈ സാഹചര്യം പരിഗണിച്ച് സ്കൂളിലേയും സമീപ പ്രദേശങ്ങളിലെ കായിക മത്സരങ്ങളുടെ ഉദ്ഘാടന പരിപാടികളിൽ സ്കൂളിലെ മിടുക്കരായ പ്രതിഭകളെ കൊണ്ട് നിർവ്വഹിക്കുന്ന പദ്ധതി സ്കൂളിൽ തുടക്കം കുറിച്ചു. | | | പി.ടി.എ. |

| | | | | | |
|---|---|---|---|---|---|
| 6 | കുട്ടികൾക്കും കായിക താരങ്ങൾക്കും ശരിയായ ഭക്ഷണശീലത്തെക്കുറിച്ച് അവബോധം വളർത്തുന്നതിന് ഈ വർഷം തുടക്കത്തിൽ തന്നെ വേണ്ടത്ര നടപടികൾ കൈക്കൊള്ളൽ. | - സ്കൂൾ സ്പോർട്സ് ക്ലബ്ബിന്റെയും പി.ടി.എ.യുടെ നേതൃത്വത്തിലും ഇതിനായി ക്ലാസ്സുകളും സി.ഡി. പ്രദർശനവും ക്ലാസ്സ് റൂമുകളിൽ പോഷകാഹാരത്തിന്റെ ചാർട്ടുകളും സ്ഥാപിക്കാൻ തീരുമാനിച്ചു. | | | |
| 7 | പ്രഥമ ശുശ്രൂഷയെക്കുറിച്ച് ധാരണക്കുറവ് പരിഹരിക്കുന്നതിനായി വിപുലമായ പരിപാടികൾക്ക് രൂപം നൽകൽ. | - വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി കൊണ്ട് വിദ്യാർത്ഥികൾക്ക് പ്രഥമ ശുശ്രൂഷാ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. | | | |

# കൗൺസിലിംഗ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ | - വ്യക്തിഗത കൗൺസിലിംഗ്<br>- ഗ്രൂപ്പ് കൗൺസിലിംഗ്<br>- ബോധവൽക്കരണ ക്ലാസ്. (സ്വയം മനസ്സിലാക്കാനും തിരിച്ചറിയാനും ഉതകുന്ന വിധത്തിൽ) | ജൂൺ–മാർച്ച് | കൗൺസിലർ | |

| | | | | | |
|---|---|---|---|---|---|
| 2 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ | - റഫറൽ സംവിധാനം പ്രയോജനപ്പെടുത്തൽ<br>- രക്ഷിതാക്കൾക്കുള്ള മാനസിക പിന്തുണ | ജൂൺ - മാർച്ച് | | |
| 3 | കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾ തടയുന്നതിന് അനിവാര്യമായ പ്രവർത്തനങ്ങൾ | - ബോധവൽക്കരണം<br>- കൗൺസിലിംഗ്<br>- നിയമ സേവനം<br>- സ്ഥാപക സംരക്ഷണം<br>- റഫറൽ സംവിധാനം | ജൂൺ- മാർച്ച് | കൗൺസിലർ വിവിധ സർക്കാർ സംവിധാനങ്ങളുടെ സഹായത്താൽ | |
| 4 | കുട്ടികളുടെ പഠനമേഖല മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ | - കൗൺസിലിംഗ്<br>- പഠന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠനവൈകല്യം എന്ന് സംശയിക്കാവുന്ന കുട്ടികളെ DRC സംവിധാനം പ്രയോജന പ്പെടുത്തി കൊണ്ട് ഐക്യൂ ടെസ്റ്റിന് വിധേയമാക്കുന്നു. | ജൂൺ - മാർച്ച് | കൗൺസിലർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ | |
| 5 | കുട്ടികളുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | - ഡേ സെലിബ്രേഷൻ<br>- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ കഴിവുകൾ പ്രകാശിപ്പിക്കാനുള്ള വേദി ഒരുക്കുന്നു | ജൂൺ - മാർച്ച് | കൗൺസിലർ അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ. ജെ ആർ സി പ്രവർത്തനങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| 6 | ഒആർസി പ്രവർത്തനങ്ങൾ | - സ്കൂൾതലത്തിൽ ഒആർസി ക്യാമ്പുകൾ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ജൂൺ - മാർച്ച് | കൗൺസിലർ ഒആർസി നോഡൽ ടീച്ചർ | |
| 7 | കരിയർ ഗൈഡൻസ് | - പത്താം ക്ലാസ് പ്ലസ്ടു കുട്ടികൾക്ക് അഭിരുചി മനസ്സിലാക്കുന്നതിനും തുടർപഠനം ആസൂത്രണം ചെയ്യുന്നതിനും ലൈഫ് സ്`റ്റൈൽ വികസിപ്പിക്കുന്നതിനും അനിവാര്യമായ ക്ലാസുകൾ വിവിധ സർക്കാർ സംവിധാനത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്നു | ജൂൺ - മാർച്ച് | കൗൺസി ലർ ജില്ലാപഞ്ചായത്ത്. സർക്കാർ സംവിധാനങ്ങൾ | |

## പ്രവർത്തി പരിചയം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രവർത്തി പരിചയ പരിശീലനം | - ഗ്രൂപ്പ് വ്യക്തിഗത പ്രവർത്തനങ്ങൾ<br>- പ്രവർത്തി പരിചയ ക്ലബ്ബ് രൂപീകരണം | ജൂൺ - ജനുവരി | സ്പെഷ്യലിസ്റ്റ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | - പ്രവർത്തി പരിചയമേളയിൽ പങ്കെടുക്കാൻ പരിശീലനം നൽകുന്നു | | | |
| | സർഗ്ഗശേഷി വികാസം | - താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി വിവിധങ്ങളായ കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ശില്പശാല നടത്തുന്നു | മാസത്തിൽ 1 | സ്പെഷ്യലിസ്റ്റ് ടീച്ചർ | |
| | അസംസ്കൃത വസ്തുക്കൾ ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിലൂടെ നല്ല ഒരു തൊഴിൽ സംസ്കാരവും അതുവഴി തൊഴിലിനോടും തൊഴിൽ ചെയ്യുന്ന വ്യക്തികളോടും ആദരവുള്ളവരായിതീരുന്നു | - പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് വിവിധങ്ങളായ കൃഷിരീതിയിൽ മനസ്സിലാക്കുന്നു ലഘുലക്ഷണങ്ങൾ ഉണ്ടാക്കുന്നു<br>- ശരിയായ ആരോഗ്യവും അത് നിലനിർത്തുന്നതിന് ആവശ്യമായ പരിസര ശുചീകരണങ്ങളിൽ പങ്കെടുക്കുന്നു. അതിനാവശ്യമായ ശുചീകരണ വസ്തുക്കൾ നിർമ്മിക്കുന്നു വിവിധ ഔഷധ സസ്യങ്ങൾ പരിചയപ്പെടുന്നു. അവയുടെ ഉപയോഗം മനസ്സിലാക്കുന്നു. | ജൂൺ–മാർച്ച് | സ്പെഷ്യലിസ്റ്റ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | - പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കളും കൗതവസ്തുക്കളും നിർമ്മിക്കുന്നു.<br>- വിവിധതരം സ്റ്റേഷനറി നിർമ്മിച്ചുപയോഗിക്കുന്നു | | | |

# ആർട്ട് എഡ്യുക്കേഷൻ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ചിത്രകല ആസ്വദിക്കാനുള്ള ശേഷി ഉണ്ടാക്കൽ | - ക്ലാസ് തലത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തൽ | ജൂൺ–ജൂലൈ | Art ടീച്ചർ | PTA, STAFF |
| 2 | ചിത്രകല ആഭിമുഖ്യമുള്ള സ്കൂൾ അന്തരീക്ഷം ഒരുക്കൽ | - ക്ലബ്ബ് രൂപീകരണം<br>- വിവിധ കലാകാരന്മാരെ കുറിച്ചുള്ള ഡോക്യുമെന്ററി<br>- വിവിധ കലാമേഖലയിൽ അഭിരുചി ഉള്ളവരെ വേർതിരിക്കൽ | ജൂൺ–ഡിസംബർ | Art ടീച്ചർ | |
| 3 | ചിത്രരചന സാമഗ്രികൾ പരിചയപ്പെടുത്തൽ | - കുട്ടികൾക്ക് ചിത്രരചനയിൽ മികവ് തെളിയിക്കാൻ വേണ്ട സാമഗ്രികൾ കണ്ടെത്തൽ<br>- ക്യാമ്പ്സംഘടിപ്പിക്കാൻ | ജൂലൈ – നവംബർ | Art ടീച്ചർ | തദ്ദേശസ്വയം ഭരണ വകുപ്പ്, പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 4 | വിവിധതരം മീഡിയകൾ ഉപയോഗിച്ച് ചിത്രരചന നടത്താനുള്ള അവസരം ഉണ്ടാക്കുന്നു | - വാട്ടർ കളർ, പെൻസിൽ ഡ്രോയിങ്, അക്രിലിക്, ഓയിൽ പെയിന്റ് എന്നിവ ഉപയോഗിച്ചുള്ള തദ്ദേശീയരായ കലാകാരന്മാരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ -മാർച്ച് | Art ടീച്ചർ | PTA |

## ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് അക്ഷരം നന്നായി വായിക്കാനും എഴുതുവാനും സംസാരിക്കാനും ഉള്ള ശേഷി വികാസം | - Eye hand കോഡിനേഷൻ പ്രവർത്തനങ്ങൾ<br>- വിവിധ കളികളിലൂടെ അക്ഷരങ്ങളും അക്കങ്ങളും പരിചയപ്പെടൽ<br>- വായന പരിപോഷിപ്പിക്കൽ<br>- അക്ഷരമുറപ്പിക്കൽ<br>- ചിഹ്നം ഉറപ്പിക്കൽ<br>- പദനിർമ്മാണം<br>- വാക്യ നിർമ്മാണം | ജൂൺ – മാർച്ച് | സ്പെഷ്യൽ എഡ്യൂക്കേറ്റർ | |

| | | | | | |
|---|---|---|---|---|---|
| 2 | സർഗ്ഗശേഷി വികാസം | - കുട്ടികളുടെ കഴിവിനനുസരിച്ച് ചിത്രരചന പ്രവർത്തിപരിചയ ശില്പശാലകൾ നടത്തുന്നു | മാസ ത്തിൽ 1 | സ്പെഷ്യൽ എഡ്യൂ ക്കേറ്റർ, സ്പെഷ്യ ലിസ്റ്റ് ടീച്ചർ ഡ്രോയിംഗ് ടീച്ചർ | |
| 3 | കുട്ടികളുടെ മാനസിക ഉല്ലാസത്തിന് വേണ്ടിയുള്ള പ്രവർത്തനം | - രക്ഷിതാക്കളെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള വിനോദയാത്ര<br>- ഭിന്നശേഷി ദിനാചരണങ്ങൾ | വർഷ ത്തിൽ 1 | സ്പെഷ്യൽ എഡ്യൂക്കേറ്റർ | |

# ഉപസംഹാരം

സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ കുട്ടിയുടേയും സമഗ്ര വികസനം മുന്നിൽ

കണ്ടുകൊണ്ടാണ്.ഓരോ കുട്ടിയുടേയും പഠന നിലവാരം ഉയർത്താനുതകുന്ന ഭൌതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.അധ്യാപകർ, PTA,SMC,പൂർവ്വ വിദ്യാർത്ഥികൾ ,സാമൂഹിക രാഷ്ട്രീയ സാംസ്ക്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ പൂർണ പിന്തുണയോട് കൂടി നടത്തുന്ന ഈ കർമ്മ പരിപാടി വിജയത്തിലെത്തിച്ചേരുമെന്ന് പ്രത്യാശിക്കുന്നു.

സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്നതിനോടൊപ്പം ഒരു ഉത്തമ പൌരനായി വാർത്തെടുക്കുക എന്ന വിദ്യാഭ്യാസ ലക്ഷ്യം പൂർണമാകുകയും ചെയ്യുന്നു.

എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂൾ

മണ്ണാർക്കാട്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025 - 2026



# സ്കൂൾ വിവരങ്ങൾ

**റവന്യൂ ജില്ല** : പാലക്കാട്

**സ്കൂൾ കോഡ്** : 21104

**സ്കൂളിന്റെ പേര്** : എം.ഇ.എസ്.എച്ച്.എസ്.എസ് മണ്ണാർക്കാട്

**മേൽ വിലാസം** : മണ്ണാർക്കാട് MES COLLEGE (PO)

**പിൻകോഡ്** : 678583

**ഫോൺ** : 04924 224528

**ഇ മെയിൽ** : mesmkd@gmail.com

**ഗ്രാമപഞ്ചായത്ത്/**

**മുനിസിപ്പാലിറ്റി** : മണ്ണാർക്കാട്

**വിദ്യാഭ്യാസ ജില്ല** : മണ്ണാർക്കാട്

**ക്ലാസ്സുകൾ** : 8 മുതൽ +2 വരെ

**മാനേജ്മെന്റ്** : എം ഇ എസ്

**വിദ്യാർത്ഥികളുടെ**

**എണ്ണം** : 3820

# ആമുഖം

**പാ**ലക്കാട് ജില്ലയിൽ മണ്ണാർക്കാടിന്റെ ഹൃദയഭാഗത്ത് , എം ഇ എസിന്റെ നേതൃത്വത്തിൽ 2000 ആഗസ്റ്റ് 10 ന് കേവലം 90 വിദ്യാർത്ഥികളുമായി ആരംഭിച്ച ഹൈസ്കൂൾ വിഭാഗം ഇന്ന് മുവ്വായിരത്തിൽപ്പരം കുട്ടികളുമായി കേരളത്തിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ വ്യക്തമായ ആധിപത്യം ഉറപ്പിച്ചിരിക്കുന്നു.

മണ്ണാക്കാർടിനെ സംസ്കാരസമ്പന്നതയിലേക്ക് കൈ പിടിച്ച് ഉയർത്തിയതിൽ MES ന്റെ പങ്ക് വളരെ വലുതാണ്. പാഠ്യപ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും മുൻപന്തിയിലെത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ കലണ്ടർ രൂപകല്പന ചെയ്തും, യഥാസമയം സ്റ്റാഫ് കൗൺസിൽ , SRG, PTA യോഗങ്ങൾ നടത്തിയും വിദ്യാലയത്തെ വിജയത്തിലേക്ക് നയിക്കാൻ സദാ ജാഗരൂകരാണ്.

ഈ അധ്യയന വർഷത്തിൽ (2025-26) ആകെ 100- അധ്യാപകർ 93 , അനധ്യാപകർ 7. HM-1, മലയാളം - 10 ,അറബി -7,ഉറുദു -1 , ഇംഗ്ലീഷ് -14 , ഹിന്ദി - 8 ,സോഷ്യൽ സയൻസ് -15 ,ഫിസികൽ സയൻസ് -11 ,ബയോളജി -8, കണക്ക് 15 , സ്പെഷ്യൽ അധ്യാപകർ -3 ,ഉള്ള വലിയ ഒരു സ്ഥാപനമായി ഞങ്ങളുടെ സ്കൂൾ മാറി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാ രംഗത്തും,കായിക രംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു .എല്ലാവരെയും ഉൾപ്പെടുത്തി കൊണ്ടുള്ള വിദ്യാഭ്യാസം (Inclusive Education ) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിനു കഴിഞ്ഞു . പെൺകുട്ടികൾക്കായി കരാട്ടെ, തൈകൊൻഡോ, പരിശീലനങ്ങളിലൂടെ ആത്മ ധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു .കുട്ടികളുടെ പഠനത്തിനെയും സ്വഭാവത്തെയും ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിൽ നൽകിയും കുട്ടികൾക്ക് ആത്മ ധൈര്യം നൽകുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് .ഓരോ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്യുന്നു .അക്കാദമിക മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റ്, പിടിഎ, ജനപ്രതിനിധികൾ, ജില്ലാപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണസഹകരണവും ഉറപ്പുവരുത്തുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ വിലയിരുത്തലാണ്. ഇത് നിലനിർത്താനും കൂടുതൽ മുന്നേറാനും ഗുണപരമായ പാഠ്യപഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും അവരെ നാളെയുടെ വാഗ്ദാനങ്ങളായി മാറ്റാനും നമുക്ക് സാധിക്കട്ടെ.

# അക്കാദമിക നേട്ടങ്ങൾ

**പാ**ലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷ എഴുതുകയും 100% വിജയവും,വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ ഫുൾ A + നേടികൊണ്ട് ജില്ലയിൽ തന്നെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നടത്തി ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്തു.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേക പരിശീലനം നൽകുന്നത് കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും അത് വൻവിജയത്തിലേക്ക് നയിക്കുകയും ചെയുന്നു. സ്കൗട്ട്,ഗൈഡ്,റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ്, തുടങ്ങിയ സന്നദ്ധസംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവവും വർദ്ധിപ്പിക്കാനും കഴിയുന്നു.

സ്കൂൾ ആരംഭിച്ചത് മുതൽ മികവുകളുടെ ചരിത്രമാണ് സ്കൂളിനുള്ളത്. 11 തവണ 100% വിജയം, NMMS നേടിയതിൽ ജില്ലയിൽ ഒന്നാമത്. കൂടാതെ സ്കൂൾ കലോത്സവങ്ങൾ, ശാസ്ത്രോത്സവം, കായിക രംഗത്ത് മികച്ച പ്രകടനങ്ങൾ കാഴ്ച്ചവെക്കാനും ഈ സ്കൂളിന് സാധിച്ചു. സ്കൂളിലുള്ള വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കാനും സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കൽ, വൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൊണ്ട് സമൂഹത്തിന്റെ അംഗീകാരം പിടിച്ച് പറ്റാൻ സാധിച്ചു.

# 2025-26 അധ്യാനവർഷത്തിലെ
# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പൊതുലക്ഷ്യങ്ങൾ

i. വിദ്യാർത്ഥികളിൽ ലഹരിവിമുക്ത ജീവിതം കെട്ടിപ്പടുക്കുവാനാവശ്യമായ ഇടപെടൽ സമൂഹത്തിൻെറ വ്യവസ്ഥാ മേഖലകളുടെ സഹായത്തോടെ നടപ്പിലാക്കുക.

ii. വിദ്യാർത്ഥികളുടെ പഠനപുരോഗതിക്കാവശ്യമായ അക്കാദമിക് കലണ്ടറിൻെറ രൂപീകരണം.

iii. സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

iv. 500 ഓളം കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനാവശ്യമായ ഭക്ഷണ ഹാൾ

v. മതേതരത്ത്വ ജനാതിപത്യ മൂല്യങ്ങളിലധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുക.

vi. വിദ്യാർത്ഥികളിൽ സേവനമനോഭാവവും,സഹായ മനോഭാവവും സൃഷ്ടിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക

vii. വിദ്യാർത്ഥികളിൽ ട്രാഫിക് ബോധവത്കരണം നടത്തൽ.

viii. 30%-ത്തിൽ കുറവ് മാർക്കുള്ള വിദ്യാർത്ഥികളെ കൂടുതൽ മെച്ചപ്പെടുത്തി ഉയർന്ന ഗ്രേഡിലേക്ക് എത്തിക്കൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| *ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *പ്രീ ടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>*അടയാളം ഉറപ്പിക്കൽ<br>*വാക്കുകൾ നിർമ്മിക്കൽ<br>*ചിത്ര വായന | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | PTA, അധ്യാപകർ |
| *കുട്ടിയെ മികച്ച വായനക്കാരാക്കുക | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>*സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>*സമീപ ഗ്രന്ഥശാല അംഗത്വം<br>*വായനോത്സവം സംഘടിപ്പിക്കൽ<br>*പത്ര വായന<br>*പുസ്തക ചർച്ച<br>*വായനാനുഭവം<br>*വായനാക്കുറിപ്പ് പതിപ്പ്<br>*വിദ്യാരംഗം കലാ സാഹത്യവേദി പ്രവർത്തനം<br>*ദിനാചരണം<br>*ആസ്വാദകരമായ വായന | 6 മാസം | സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്<br>*കംമ്പ്യൂട്ടർ | PTA, അധ്യാപകർ |
| *കുട്ടിയെ മികച്ച എഴുത്തുകാരാക്കുക | *എഴുത്തുകൂട്ടം രൂപീകരണം<br>*പുസ്തക ചർച്ച<br>*വായന കുറിപ്പ്,പതിപ്പ്<br>*വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>*സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>*വ്യക്തിഗത രചന,സംഘ രചന | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | PTA, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | *ഭാഷാ പ്രോജക്ട് | | | |
| *സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | *പ്രസംഗ പരിശീലന കളരി<br>*വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>*മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>*പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം | ഓഡിയോ, വീഡിയോ | ട്രൈനർ അധ്യാപകർ PTO |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **<u>വായന</u>**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക. നല്ല വായനക്കരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br><br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br><br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br><br>കഥകൾ ,കവിതകൾ,ചിത്രങ്ങൾ ......<br><br>ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു . | 6 മാസം<br><br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **<u>എഴുത്ത്</u>**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽക്കും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യർത്ഥകൾ<br>സ്പോൺസർഷിപ്പ് |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ - ഡിസംബർ | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക. | മാസാന്ത ക്വിസ് കാർണിവൽ.<br><br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിൻ്റെ ചോദ്യങ്ങൾ തയ്യാറക്കി പ്രദർശിപ്പിക്കുന്നു.കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തുക. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ് , ലാപ് ടോപ് | പൂർവ്വ വിദ്യർത്ഥികൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **പ്രതിഭകളെ കണ്ടെത്തൽ** | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു<br><br>പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു അറബി സാഹിത്യോത്ഥവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതി ഭകളെകണ്ടെത്തുന്നു | ജൂലായ്- ആഗസ്സ് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| **ദിനാചരങ്ങൾ**<br>ദിനാചരണെത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്റുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ, ടിവി പ്രോജക്ടർകർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ | | | |

| | | | | |
|---|---|---|---|---|
| | പ്രയോജനപ്പെടുത്തി കഥ, കവിത,അനിമേഷൻ,ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | ജനവരി | സി.ഡി, കമ്പ്യൂട്ടർ, ടിവി പ്രോജക്ടർകർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനു ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ, ടിവി പ്രോജക്ടർകർ | ബി.ആർ. സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥ ികൾ സ്പോൺസർഷിപ്പ് |
| **അറബിക് ഫെസ്റ്റ്** അറബി ഭാഷയെ കുറിച്ച് കുടുതലറിയ ാൻ | അറബി ഭാഷയെ കുറിച്ച് കുടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഉർദു

| | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠേം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരെ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ,ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും,കുട്ടികളിലെ സർഗ്ഗാത്മകത | ടേംൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | **e-ദുനിയ ഉർദു ടൈപ്പിംഗ്** | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിൻ്റ് പതിപ്പുകൾ, വായന വായനകാർഡ് തുടങ്ങിയ തയ്യാറാക്കാൽ. | ഒരു വർഷം | ഉർദു ക്ലബ്, സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 4 | **ഡിജിറ്റൽ മാഗസിൻ** | കുട്ടികളിലെ രചനകൾ ഉൾപെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | **2500** | എച്ച്.എം സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതു വിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിനു വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുകു | ടേം ൽ 1 വീതം | ഉർദു ക്ലബ് | **200** | എച്ച്.എം സബ്ജക്ട് കൗൺ സിൽ |
| 6 | **മുശാഇറ** | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | **7000** | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസം | വർഷത്തിൽഒന്ന് | ഉർദു ക്ലബ് | **10000** | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | ക്യാമ്പകൾ നടത്തുക. ഉർദു സാഹിത്യ കാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | | | | |
| 8 | **ഷോട്ട് ഫിലിം** | കുട്ടികളിലെ അഭിനയ കഴിവും അവതരണ ശേഷിയും പരിഷോപ്പിക്കും വിധം വിവിധ വിഷയം സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | **6000** | എച്ച്.എം സബ്ജക്റ്റ് കൗൺസിൽ |
| 9 | **ഉർദുദിനം** | ടാലൻ്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എൻ്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ് | **2000** | എച്ച്.എം സബ്ജക്റ്റ് കൗൺസിൽ |
| 10 | **വായന ആസ്വാദനം** | കുട്ടി വായന അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ് | **700** | എച്ച്.എം സബ്ജക്റ്റ് കൗൺസിൽ |
| 11 | **തലാഷ്** | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | **10000** | എച്ച് എം, സബ്ജക്റ്റ് കൗൺസിൽ |
| 12 | **ദിനാചരണങ്ങൾ** | ഭാഷാ ശേഷി വളർത്തുന്നതിനു വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അതത് ദിനങ്ങളിൽ | ഉർദു ക്ലബ് | **500** | എച്ച്.എം സബ്ജക്റ്റ് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 13 | **തൊഴിൽ നൈപുണി** | തൊഴിൽ നൈപുണ്യം വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽഒന്ന് | ഉർദു ക്ലബ് | **2000** | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം ഉർദു സാഹൃത്യത്തെ പരിചയപ്പെടൽ** | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യ കാരന്മാരെയും പരിചയപ്പെടുത്തുന്നു പൊതുവേദി ഒരുക്കുക ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ് | **500** | എച്ച്.എം സബ്ജക്ട് കൗൺസിൽ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|---|
| | തെറ്റില്ലാത അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും ഉള്ള ശേഷി വളർത്തിയെടുക്കൽ | English diary ദിവസവും എഴുതുക, Newspaper(English) ക്ലാസ് റൂമിൽ വായിപ്പിക്കുക, ഇംഗ്ലീഷിൽ ആശയവിനിമയം ന ടത്തുക | വർഷം മുഴുവൻ |
| | English movie theatre | ഇംഗ്ലീഷ് സിനിമ പ്രദർശനം, ചലചിത്രാസ്വാദനം , discussion, debate, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ | രണ്ട് മാസം |
| | English assembly | മാസത്തിൽ ഒരു തവണ അസംബ്ലി നടപടികൾ ഇംഗ്ലീഷിൽ prayer,pledge , introductory speech , publishing monthly news paper. | വർഷം മുഴുവൻ (ഒരോ മാസവും നടത്തുക) |
| | സർഗ്ഗശേഷി വികസനം | Speech , essay , versification , story telling , story writing ഇവ സംഘടിപ്പിച്ച് കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക. | 4 മാസം |
| | English fest | Skit, recitation, speech ,cultural activities നടത്തുക. (മുഴുവൻ ഇംഗ്ലീഷ് ഭാഷയിൽ) club members ആണ് പ ങ്കെടുക്കുക | വർഷത്തിലൊരി ക്കൽ |
| | ICT സാധ്യതകൾ ലോകഭാഷയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകേൾപ്പിക്കൽ, വീഡിയോ പ്രദർശനം , കൊളാഷ് നിർമ്മാണം , കത്ത് തയ്യാറാക്കൽ , ചോദ്യമാതൃക . | വർഷം മുഴുവനും |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി ഉച്ചാരണശുദ്ധിയോടെയും ഒഴുക്കോടെയും വായിക്കാനുള്ള കഴിവ് വളർത്തി എടുക്കുന്നു. | *വായനാ കാർഡ് നൽകുന്നു<br>*അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉറക്കെവായി-പ്പിക്കുന്നു<br>*വായനയിലെ പരിമിധി മനസ്സിലാക്കാനുള്ള ശ്രമം<br>*ഒഴുക്കോടെ വായിക്കുന്നത് കേൾക്കാനുള്ള അവസരം | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തി എടുക്കുക. | *കേട്ടെഴുത്ത് പരിശീലിപ്പിക്കുന്നു<br>*പുതിയ വാക്കുകൾ ഊന്നൽ നൽകി പഠിപ്പിക്കുന്നു<br>*അക്ഷരങ്ങൾ എഴുതി പരിശീലിപ്പിക്കുന്നു | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ | എസ്. ആർ.ജി |
| 3 | ഹിന്ദി ഭാഷയോടുള്ള മനോഭാവം മാറ്റി എടുക്കുകയും ഭാഷാസ്നേഹം വളർത്തി എടുക്കുകയും ചെയ്യുക. | *ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു<br>*ICT ഉപയോഗിച്ചുകോണ്ട് നിരവധി പ്രവർത്തനങ്ങൾ നൽകുന്നു<br>*എല്ലാ ദിവസവും ഡയറിയെഴുതാൻ നിർദ്ദേശിക്കുന്നു | യഥാസമയം | ഹിന്ദി അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നു. | *വിവിധ മത്സരങ്ങൾ നടത്തുന്നു<br>*ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>*പോസ്റ്റർ പ്രദർശനം നടത്തുന്നു, പ്രശനോത്തരി നടത്തുക<br>*വായനാമത്സരം നടത്തുന്നു | ജൂലൈ സെപ്റ്റംബർ | ഹിന്ദി ക്ലബ്ബ് അംഗങ്ങളും അധ്യാപകർ | പി.ടി.എ |
| 5. | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് | *മത്സരങ്ങളിൽ പങ്കാളിയാക്കൽ<br>*സ്യാഹിത്യാദിരുചി | യഥാസമയം | ഹിന്ദി അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | സജ്ജമാക്കൽ. | വളർത്തുവാൻ സഹായിക്കുന്നു | | | |
| 6. | ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ ഉപയോഗിക്കുക. | *ഹിന്ദി പാഠഭാഗമായി ബന്ധപ്പെട്ട് ഡിജിറ്റൽ വിഭവങ്ങൾ നൽകുക | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 7. | ഹിന്ദി ക്ലബ്ബ് സജ്ജീവമാക്കൽ | *ക്ലബ്ബിലേക്ക് ഹിന്ദിഭാഷാസ്നേഹവും താത്പര്യവുമുള്ള കുട്ടികളെ തിരഞ്ഞെടുക്കുക<br>*വിവിധ പ്രവർത്തനങ്ങൾ നടത്തി മറ്റു കുട്ടികൾക്കും ഭാഷാസ്നേഹവും വികസിപ്പിക്കുക | യഥാസമയം | ഹിന്ദി ക്ലബ്ബ് അംഗങ്ങളും അധ്യാപകർ | പി.ടി.എ |
| 8. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുക | *വർക്ക്ഷീറ്റുകൾ നൽകുന്നു<br>*ചാർട്ടുകൾ നൽകുന്നു<br>*പദസൂര്യൻ, പ്രശനോത്തരി എന്നിവ നൽകുന്നു<br>*യൂണിറ്റ് ടെസ്റ്റുകൾ, സീരിസ് ടെസ്റ്റുകൾ നടത്തുന്നു | മാസത്തിൽ | ഹിന്ദി അധ്യാപകർ | പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ ഭാവി രൂപപെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ടിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ചിട്ടുള്ള തീയ്യതികളിൽ (അക്കാഡമിക് വർഷം) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | വിദ്യാർത്ഥികൾ |
| 2 | ജനാതിപത്യം ഒരു ജീവിതശൈലിയാക്കിമാറ്റി എടുക്കുക<br><br>പൗരബോധം മൂല്യബോധം എന്നിവ വളർത്തുക | സ്കൂൾ പാർലാമെന്റ് നടത്തുക – ഭരണഘടനാ പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യസേവനം എന്നിവക്കുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൂന്നൂ | അക്കാഡമിക്ക് വർഷത്തിലെ തിരഞ്ഞ് നടുക്കുന്ന തിയ്യതികളിൽ<br><br>വർഷം മുഴുവനും | സാമൂഹ്ര ശാസ്ത്രക്ലബ് അഭിമുഖത്തിൽ | സ്കൂൾ, PTA, വിദ്യാർത്ഥികൾ, SRG. |
| 3 | ഭുപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണയം നടത്തുവാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭുപടവായനക്കായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പികുന്നു അറ്റ്ലസ് നിർമാണ മത്സരം സംഘടിപ്പിക്കുന്നു | വർഷം മുഴുവനും | സാമുഹ്യശാസ്ത്ര ക്ലബ് | S R G, SS Club |

| | | | | | |
|---|---|---|---|---|---|
| 4 | വിദ്യാർഥികൾ പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യ ശാസ്ത്ര ക്വിസ്സ് മൽസരങ്ങൾ സംഘടിപ്പിക്കുക | അക്കാഡമിക് വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യപകർ | S R G.<br>SS. Club<br><br>വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 5 | വിവിധങ്ങളായ മണ്ണ്, ജലാശയങ്ങൾ, കാറ്റുകൾ,സമുദ്രങ്ങൾ,പർവ്വതങ്ങൾ എന്നിവയെ കുറിച്ച് ധാരണ നൽകൽ | ഇത്തരം പാഠഭാഗങ്ങളിൽ കൂടി അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക് വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 6 | മാനവ സമൂഹം വിവിധ കാലങ്ങളിൽ നേടിയ പുരോഗതിയെകുറിച്ചുള്ള ധാരണ നൽകൽ. | സാമൂഹ്യശാസ്ത്ര ക്ലാസിലുള്ള പ്രവർത്തനങ്ങൾ- ചർച്ച കുറിപ്പ്- അഭിപ്രായ പ്രകടന സെമിനാർ റിപ്പോർട്ടിംഗ്. | അക്കാദമിക് വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | • പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>• ആശയധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കലും-ദിനാചരണങ്ങളുടെ പങ്ക് -ശാസ്ത്ര പഠനം രസകരമാക്കാനും, ശാസ്ത്ര തൽപരതയുണർത്താനും | • Environmental Day ആഘോഷം - ക്വിസ്സ് മത്സരം-ക്ലാസ് തലം-സ്കൂൾ തലം<br>• Science club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>• Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം<br>• ചാന്ദ്രദിനം ആചരിക്കൽ<br>• ഒസോൺ ദിനം ആചരിക്കൽ | ജൂൺ 5<br>യഥാസമയങ്ങളിൽ<br>ജൂലൈ<br>സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ<br>SRG<br>Science club members | SRG |
| 3 | ശാസത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസത്രാഭിരുചി വളർത്താനും ശാസത്രോത്സവം. | *സ്കൂൾ ശാസ്ത്രമേള<br>*ശാസ്ത്ര ക്വിസ്<br>*ശാസ്ത്രോപകരണ നിർമാണ ശീലപശാല. | ആദ്യടേം ഹ്രസ്യകാലം. | ശാസത്രാധ്യാപകർ. | വിഷയ സമിതി |

| | | | | | |
|---|---|---|---|---|---|
| 4 | ശാസ്ത്ര-സാമൂഹിക നന്മയ്ക്ക്. | *ലഹരി വിരുധ മാസ് ക്യാമ്പയിൻ – ക്ലാസ്സ്തലം - സ്കൂൾ തലം - കുട്ടികളുടെ - വീടുകൾ. | ജൂൺ 20,21. | അധ്യാപകർ. -Science club members - PTA | SRG ക്ലാസ് അധ്യാപകർ |
| 5 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യതകൾ) | *പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,വീഡിയോ, ആനിമേഷൻ വെർച്യൽ പരീക്ഷണങ്ങൾ എന്നിവക്ക് സ്കൂളിലെ സ്മാർട്ട് സംവിതാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ്പ്പോഴും | ശാസ്ത്രാധ്യാപകർ. | KITE (IT @ SCHOOL) SCERT. |
| 6 | ശാസ്ത്രപ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽകൂട്ടാക്കി മാറ്റുക. | *പ്രതിഭകൾക്ക് പ്രത്യേക പരിശീലനം *SCHOLARSHIP (NMMS) പരിശീലനങ്ങൾ. | രണ്ടാം ടേമിൽ | ശാസ്ത്രാധ്യാ-പകർ. | KITE (IT @ SCHOOL) SCERT |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക. | *പ്രീടെസ്റ്റ്, ചോദ്യനിർമ്മാണം, ടെസ്റ്റ്, മൂല്യനിർണ്ണയം *പരിഹാര ബോധനത്തിനായി പഠനഗ്രൂപ്പിങ്,ബോധന സാമഗ്രികൾ തയ്യാറാക്കൽ,ആസൂത്രണം,ആശയധാരണകൾ ഉറപ്പിക്കൽ. | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | SRG |
| 2 | ഗണിതക്ലബ്ബ് സജീവമാക്കൽ | *ഗണിതക്ലബ്ബ് രൂപീകരണ ഉദ്ഘാടനം *ഗണിതക്വിസ്,ഗണിതസമസുകൾ ബുള്ളറ്റിൻ ബോർഡുകളിൽ *ക്ലാസ് തല,സ്കൂൾ തല ഗണിതമാഗസിനുകൾ *ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ , ഗണിതക്ലബ്ബ് | SRG PTA |
| 3 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കൽ | *ഗണിതപ്രോജക്കുകളുടെ അവതരണം *3 ദിവസത്തെ അവധിക്കാല സഹവാസ ക്യാമ്പ് *മാഗസിനുകളുടെ പ്രകാശനം | ഓണം/ ക്രിസ്മസ് ഒഴിവ് | ഗണിത അധ്യാപകർ , ഗണിതക്ലബ്ബ് | SRG PTA |
| 4 | പഠനനേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി | *വിവിധ നിലവാരങ്ങളിലുള്ള കുട്ടികൾക്കായി | ഒന്നാം ടേമിൽ | ഗണിത അധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| | വർക്ക്ബുക്ക് | ഓരോയൂണിറ്റിൽ നിന്നും വർക്ക് ഷീറ്റ് തയ്യാറാക്കി വർക്ക്ബുക്ക് നൽകുന്നു | | | |
| 5 | മുന്നോക്കകാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | *സീരീസ് ടെസ്റ്റ് നടത്തുക *യൂണിറ്റ് ടെസ്റ്റ് നടത്തുക | മാസത്തിൽ രണ്ട് | ഗണിത അധ്യാപകർ | SRG |
| 6 | ICT-യുടെ ഗണിത പഠനം എളുപ്പമാക്കയൽ | *ഗണിത ശാസ്ത്രത്തിലെ ICT-സാധ്യതകൾ (Geogebra, Dr Geo,etc) പ്രയോജനപ്പെടുത്തിയ ിട്ടുള്ള പഠനം. *സംഖ്യാ ശ്രേണി, വൃത്തങ്ങൾ എന്നിവയുടെ പ്രദർശനം | യഥാ സമയം | ഗണിത അധ്യാപകർ | SRG |
| 7 | ഗണിത ശാസ്ത്ര താൽപര്യം വളർത്തൽ | * π day *രാമാനുജൻ paper presentation,ഭാസ്കരാച ാര്യ സെമിനാർ | ജൂൺ 2nd term | ഗണിത അധ്യാപകർ | SRG |
| 8 | ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർചിത്രങ്ങൾ | *ക്ലാസിൽ ഒരു ചുമരിൽ ഭിന്നസംഖ്യാ,ഗണിതാ ശയങ്ങൾ,ജ്യാമീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 1st & 2nd term | ഗണിത അധ്യാപകർ , ഗണിതക്ലബ്ബ് | SRG |
| 9 | എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉറപ്പിക്കൽ | നമ്പർ ചാർട്ട്,ഗുണന പട്ടിക, മാന്ത്രിക ചതുരം,നമ്പർ കാർഡ്, | യഥാ സമയം | ഗണിത അധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| | | മുതലായവയുടെ നിർമ്മാണം | | | |
| 10 | ഗണിത മേഘലയിൽ പങ്കാളിത്തം ഉറപ്പിക്കൽ | സ്കൂൾ തല ക്ലബ്ബ് പ്രവർത്തനത്തിലൂടെ മിടുക്കരായ കുട്ടികലളെ കണ്ടെത്തി സ്റ്റിൽ മോഡൽ,വർക്കിങ് മോഡൽ,പസ്സിൽ,ഗെയിം, സിംഗിൾ പ്രൊജക്റ്റ്, ഗ്രൂപ്പ് പ്രൊജക്റ്റ്, അപ്ലൈഡ് കൺസ്ട്രക്ഷൻ, പ്യുർ കൺസ്ട്രക്ഷൻ, നമ്പർ ചാർട്ട്, ജ്യോമട്രിക്കൽ ചാർട്ട്,അദർ ചാർട്ട്, എന്നീ ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകൽ. | യഥാ സമയം | ഗണിത അധ്യാപകർ , ഗണിതക്ലബ്ബ് | SRG, PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – Little Kites

| | Program | Activity | Duration | Physical suppport | Support |
|---|---|---|---|---|---|
| 1 | Cyber security awareness | Digital presentation about online safety and security practice. Organise seminar By little kites student on cyber attack | 1 week | Seminar hall, Projector,Ppt making, Software,Resources | Little kites |
| 2 | News bulletin | Documentation of school events,and other social issues with the support of knowledge attained | Yearly | Camera,Microphone, Audio,Software's, News,Script | Little kites facilities |
| 3 | Project exhibition | Exhibiting the products of little kites students programming and robotic supported ones | Yearly | Robotics kit,IT lab, Software for programming and coding commands | Sub-district, District camp, Facility support |
| 4 | Interview | Interview with resource person on road to safety and documenting it for students doubts clarification and awareness | 3 weeks | Camera,Microphone, Editing software, Resource person | Little kites facilities |
| 5 | IT Corner | IT help desk by little kites students to guide students and parents in various occasions | Yearly | Laptops, Internet Facility | Little kites faculties |
| 6 | IT support for IED | Instilling interest in students with special needs through introducing them to programming and coding, also use of technology with the available aids | Yearly | Computer lab, Supporting software. | Lk Students and faculties |
| 7 | Technical support team | Little kites students team helping students and teachers in eqiupping them to use ICT in classrooms | Yearly | Computer lab | Little kites routine classes |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - കലാവിദ്യാഭ്യാസം

| | പ്രവർത്തനം | കാലയളവ് | ലക്ഷ്യം | പിന്തുണ | സഹായം |
|---|---|---|---|---|---|
| 1 | ചിത്രരചനശിൽപശാല ചിത്രരചന വിവിധപിന്തുണപിന്തുണപിന്തഖലകൾ പരിചയപ്പെടുത്തികോണ്ടുള്ള ചിത്രരചനശിൽപശാല (പെനസിൽ ഡ്രോയിംഗ്,വാട്ടർ കളർ, ഓയിൽ കളർ) | ഒരാഴ്ച നീണ്ട് നിൽക്കുന്ന ക്ലാസ്സ് | വിവിധ മേഖലകളിൽ കുട്ടികളക്ക് പരിചയപ്പെടാനും ചിത്രങ്ങൾ വരയ്ക്കാനും സാധിക്കുന്നു കൃാംബിന് അവസാനം ചിത്ര പ്രദർശനം | PTA, മാനേജ്മെന്റ്, സ്റ്റാഫ് | |
| 2 | കാർട്ടുൺ കോർണർ. പൊതുവിഷയങ്ങളിൽ ഉള്ള കുട്ടിയുടെ പ്രതികരണത്തിനുള്ള കേന്ദ്രം [കാർട്ടുണിലുടെ] | ഒരു അക്കാദമിക് കാലയളവ് | സാമുഹ്യ രാഷ്ട്രിയ, പൊതുവിഷയങ്ങളിൽ കലാപരമായി പ്രതികരണം | ക്ലാസ്സ് ടിചേർസ്, മാനേജ്മെന്റ്, സ്റ്റാഫ് | Notice board |
| 3 | ആർട്ട് ക്ലബ്ബ് രുപീകരണം | അക്കാദമിക് വർഷം | കലാമേഖലയിലെ വിവിധ കലാകാരന്മാരെ പരിചയപ്പെടൽ ,അഭിമുഖം,ക്ലാസികൽ സിനിമ പ്രദർശനം ചർച്ച , നാടക ശിൽപശാല തുടങ്ങിയവ ഈ ക്ലബ്ബിന്റെ ഭാഗമായി നടത്താം | PTA,മാനേജ്മെന്റ്,സ്റ്റാഫ് | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - പ്രവൃത്തി പഠനം

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികൾ സ്വന്തമായി ഒരു ഉല്പന്നം നിർമ്മിക്കാൻ പഠിക്കുക എന്ന ഉദ്ദേശത്തിൽ ബാഗ് നിർമ്മാണം | Rexin തുണികൾ എന്നിവ ഉപയോഗിച്ച് പൗച്ച്,തുണി സഞ്ചി മുതലായവ നിർമ്മിക്കാൻ സ്വന്തമായി പഠിക്കുന്നു | 2 മാസം | സ്കൂൾ | PTA |
| 2 | പച്ചക്കറി കൃഷിത്തോട്ടം | കുറഞ്ഞ കാലയളവിൽ വിളവെടുക്കുന്ന കൃഷികൾ ചെയുന്ന | 6 മാസം | സ്കൂൾ പരിസരം ഗ്രോബാഗ് | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - SCOUT and GUIDE

| | | | | | |
|---|---|---|---|---|---|
| 1 | ലഹരിക്കെതിരെ | ലഘുലേഖ വിതരണം ബോധവത്ക്കരണം തെരുവു നാടകം സൈക്കിൾ റാലി . | 1 വർഷം | സ്കൂൾ പരിസരം വിട് സന്ദർശം | STAFF Scout and Guides |
| 2 | പൊതുമുതൽ സംരക്ഷണം | ബോധവത്ക്കരണം പൊതു സ്ഥാപനങ്ങൾ ശുചീകരണ പ്രവർത്തനം | 3 മാസം | പൊതുസ്ഥാപനങ്ങൾ | Scout of guides |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ആരോഗ്യകായിക വിദ്യാഭ്യസം

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യസ ം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസം പാഠപുസ്തകം പരിചയപ്പെടു ത്തുന്നു . | ജൂൺ മുതൽ ഫെബ്രുവരി വരെ | പിടിഎ അധ്യാ പകർ | വിദ്യാലയ വികസന സമിതി | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥിക ൾക്കും കായിക പഠനം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം |
| 2 | കുട്ടികളു ടെ നിലവിലെ ആരോഗ്യ കായിക ക്ഷമത തിരിച്ചറിയ ുക. | കായിക ശേഷി അളക്കുന്നതിനു ള്ള വിവിധ ടെസ്റ്റുകൾ നടത്തുന്നു (Shuttle run,Hard ward step test etc) | ജൂൺ മുതൽ ഓഗസ്റ്റ് വരെ | പിടിഎ സ്കൂൾ വികസ ന സമിതി കൾ അധ്യാ പകർ | വിദ്യാലയ വികസന സമിതി ,പൂർ വ്വ വിദ്യാർത്ഥിക ൾ,തദ്ദേശസ്വ യംഭ രണ സ്ഥാപനങ്ങൾ , സ്പോൺസർഷ ിപ്പ് തുടങ്ങിയവ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികള ുടെ നിലവിലെ ആരോഗ്യ കായിക ക്ഷമത മനസ്സിലാക്കി ക. |
| 3 | ആരോഗ്യ കായിക വിദ്യാഭ്യസ ം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർധിപ്പിക്കുന്നത ിനും കായികശേഷി വർദ്ധിപ്പിക്കുന്ന തിനും വേണ്ടിയുള്ള വിവിധ എയ്റോബിക് | ജൂൺ മുതൽ ഫെബ്രുവരി വരെ | പിടിഎ സ്കൂൾ വികസ ന സമിതി കൾ അധ്യാ പകർ | വിദ്യാലയ വികസന സമിതി ,പൂർ വ്വ വിദ്യാർത്ഥിക ൾ,തദ്ദേശസ്വ യംഭ രണ സ്ഥാപനങ്ങൾ , സ്പോൺസർഷ ി പ്പ് | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികള ുടെ നിലവിലെ ആരോഗ്യ കായിക ക്ഷമത മനസ്സിലാക്കി ക. |

| | | | | | | |
|---|---|---|---|---|---|---|
| | | പരിശീലനം | | | തുടങ്ങിയവ | |
| 4 | വിവിധ സബ് ജില്ല ടീം രൂപീകര .ണം | സുബ്രതോ കപ്പ് സെലക്ഷൻ മറ്റു ടീം സെലക്ഷനുകൾ മത്സരത്തിന് തയ്യാറാക്കൽ കോച്ചിംഗ് ക്യാമ്പുകൾ ഫിറ്റ്നസ് വർക്ക് | ജൂൺ മുതൽ ജനുവരി വരെ | പിടിഎ സ്കൂൾ വികസ ന സമിതി കൾ അധ്യാ പക | വിദ്യാലയ വികസന സമിതി | ഓരോ ഗെയിമിലെയും ടാലെന്റുകളെ കണ്ടെത്തി മത്സരത്തിൽ പങ്കെടുപ്പിക്കു ക |
| 5 | സ്കൂൾ കായികമേ ളയും പരിശീലന വും | കായിക മേളയിൽ നിന്ന് കണ്ടെത്തിയ athlet മാർക്കുള്ള പരിശീലനംസബ്ജ ില്ല,ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | സെപ്റ്റംബ ർമുതൽ ജനുവരിവ രെ | പിടിഎ സ്കൂൾവി കസന സമിതി കൾവ അധ്യാ പക | വിദ്യാലയ വികസന സമിതി ,പൂർ വ്വ വിദ്യാർത്ഥിക ൾ, തദ്ദേശസ്വയംഭ രണ സ്ഥാപനങ്ങൾ , സ്പോൺസർഷ ിപ്പ്തുടങ്ങിയ വ | ടാലെന്റുകളെ കണ്ടെത്തി മത്സരത്തിൽ പങ്കെടുപ്പിക്കു ക |
| 6 | ആരോഗ്യ കായിക വിദ്യാഭ്യാ സം | സ്കൂളിലെ മുഴുവൻ പെൺകുട്ടികൾ ക്കും സൈക്കിൾ സവാരി പഠനം | ഒക്ടോബർ മുതൽ ഫെബ്രുവരി | സ്കൂൾ തലസമി തി, പിടിഎ, അധ്യാ പകർ | വിദ്യാലയ വികസന സമിതി ,പൂർ വ്വ വിദ്യാർത്ഥിക ൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തീകരി ക്കാനാകൂ |
| 7 | കായിക വിദ്യാഭ്യാ സവുമാ നിരീക്ഷ ണം | ചോദ്യാവലി നിരന്തര നിരീക്ഷണം വിലയിരുത്തൽ | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ വികസ ന സമിതി കൾപിടി എ | വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥിക ൾ,തദ്ദേശ | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തീകരി ക്കാനാകൂ |

| | | | | | | |
|---|---|---|---|---|---|---|
| | യി ബന്ധപ്പെട്ട് വിലയിരുത്തൽ കുട്ടി നേടേണ്ട സാക്ഷരത നേടിയിട്ടുണ്ടോ എന്ന കായിക | | | അധ്യാപക | സ്വയംഭരണ സ്ഥാപനങ്ങൾ ,സ്പോൺസർഷിപ്പ് തുടങ്ങിയ | |
| 8 | പ്രത്യേക പരിഗണന അർഹിക്ക ുന്നകുട്ടികൾക്കുള്ള കായിക ഇനങ്ങളെ പരിചയ പ്പെടൽ | വിവിധ സ്പോർട്സ് ഇനങ്ങളെ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളും ,മത്സരങ്ങളും | | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ തലസമിതികൾ,പി ടി എ അധ്യാപകർ | സ്കൂളിലെ മുഴുവൻ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കും കായിക പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യം |
| 9 | കുട്ടികളുടെ സാമൂഹികവും മാനസികവും വൈകാരികവുമായ അവസ്ഥ തിരിച്ചറിയ ുക | ചോദ്യാവലി നിരന്തര നിരീക്ഷണം വിലയിരുത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ വികസനസമിത ികൾ പിടിഎ അധ്യാപകർ | സ്കൂൾ തലസമിതികൾ, പിടിഎ അധ്യാപകർ | വേണ്ട സപ്പോർട്ട് നൽകൽ |
| 10 | വിക്ടറി ഡേ ആചരണം | വിവിധ സബ് ജില്ല,ജില്ല,സംസ്ഥാന തലങ്ങളിൽ | ജനുവരി ഫെബ്രുവരി | പിടിഎ സ്കൂൾ വികസന | സ്കൂൾ തലസമിതികൾ,പിടിഎ അധ്യാപകർ | സ്പോട്സ്മാൻ സ്പിരിറ്റ് മോട്ടിവേഷൻ എന്നിവ |

| | | | | | | |
|---|---|---|---|---|---|---|
| | | മെഡൽ നേടിയ കായിക താരങ്ങളെ ആധരിക്കൽ സ്കൂൾ അസംബ്ലി അവാർഡ് സെറിമണി | | സമിതികൾ അധ്യാപകർ | | വളർത്തിയെടുക്കുക |
| 11 | അവധിക്കാല കായിക പരിശീലനം | താല്പര്യമുള്ള കുട്ടികളെ കണ്ടത്തി വിവിധ കായികഇനങ്ങളില്‍ പരിശീലനം നൽകുന്നു. (ഫുട്ബോൾ, അത്ലറ്റിക്സ്,ഗുസ്തി തുടങ്ങിയവ) | ആപ്രിൽ മെയ് | പിടിഎ സ്കൂൾവികസന സമിതികൾ അധ്യാപകർ | പിടിഎ അധ്യാപകർ | താല്പര്യമുള്ള കുട്ടികൾക്ക് വിവിധ കായികഇനങ്ങളിൽ,പരിശീലനം നയകുന്നു. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - NGC

| | Programme | Activity | Duration | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്കൂൾ സൗന്ദര്യ വൽക്കരണം | പലതരത്തിലുള്ള ചെടികൾ വെച്ച് പിപ്പിച്ച് സ്കൂൾ പരിസരം മോടിപിടിപ്പിക്കുക | 6 മാസം | NGC Members | Management |
| 2 | പച്ചക്കറിത്തോട്ടനിർമ്മാണം | കൃഷി ഭവൻ മുഖേന ലഭിക്കുന്ന പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് അടുക്കളത്തോട്ട നിർമ്മാണം | 6 മാസം | NGC Members, Scout&Guide, Science Club | PTA |
| 3 | ശലഭോദ്യാനം | ചിത്രശലഭങ്ങളെ ആകർഷിക്കുന്ന പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നു | 1 മാസം | NGC Members, Science Club | |
| 4 | ഔഷധസസ്യോദ്യാനം | ഔഷധ സസ്യങ്ങൾ വെച്ച് പിടിപ്പിച്ച് അവയുടെ പേരുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു | 2 മാസം | NGC, Science Club | Management |
| 5 | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | Class Teacher – മാരുടെയും Class Leader – മാരുടെയും നേതൃത്യത്തിൽ പ്ലാസ്റ്റിക് ദൂഷ്യഫലങ്ങലെ പറ്റി ബോധവൽകരിക്കുകയും ബദൽ മാർഗ്ഗങ്ങൾ കാണാൻ ആവശ്യപ്പെടുന്നു. School Plastic വിമുക്തമായി സൂക്ഷിക്കുന്നു | 1 മാസം | Class Teacher, Class Leader, NGC Members | PTA |

# ഉപസംഹാരം

**ഈ** അക്കാദമിക മാസറ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെയാണ് തയ്യാറാക്കിയത് .കുട്ടിയുടെ സർവ്വോത്മുഖമായ വികസനമാണ് ഈ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ കൊണ്ട് സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മാനേജ്മെൻറിന്റെയും പി.ടി.എ യുടേയും ജനപ്രതിനിധിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.